ബാലസാഹിത്യ ഗ്രന്ഥാവലി

ISLAM HIGH SCHOOL
Date..................
NAKULAM

നാടോടിക്കഥകൾ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളം

ബാലസാഹിത്യം

MUNAVIRUL ISLAM HIGH SCHOOL
Date.....................
ERNAKULAM.

നാടോടിക്കഥകൾ

SIE

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളാ.

ആമുഖം

1968 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽവച്ച് ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിക്കുകയുണ്ടായി. പരിചയസമ്പന്നരും സാഹിത്യകാരന്മാരുമായ ഇരുപത് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപംകൊണ്ട 20 ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ഈ ഗ്രന്ഥങ്ങൾ അപ്പർ പ്രൈമറി വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ടു രചിച്ചവയാണ്. പ്രാഥമിക ഘട്ടത്തിലെ വിദ്യാർത്ഥികൾക്ക് വായനയിലുള്ള താല്പര്യവും ശീലവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ.

ബാലസാഹിത്യരചനാലയം

1968

പങ്കെടുത്തവർ

1. വി. കെ. അബു
2. വി. കെ. ബാലചന്ദ്രൻ
3. ഇ. പി. ഭരതപ്പിഷാരടി
4. എൻ. ഭാസ്കരപിള്ള
5. ഈസോ ഉമ്മൻ
6. എൻ. ഗംഗാധരൻ
7. കെ. കെ. കരുണാകരൻ
8. ഒയ് കൊച്ചുമ്മൻ
9. വി. പി. കുഞ്ഞുരാമപ്പുതുവാൾ
10. കെ. കെ. രാമചന്ദ്രൻനായർ
11. കെ. വി. രാമനാഥൻ
12. വി. ശ്രീധരൻ
13. കെ. ശ്രീവത്സൻ
14. ഏ. പി. സുകുമാരൻനായർ
15. കെ. കെ. തോമസ്
16. കെ. പി. ഉണ്ണികൃഷ്ണൻ
17. എൻ. വാസുദേവൻനമ്പ്യാതിരി
18. ആർ. വീരകേരളവർമ്മതമ്പാൻ
19. കെ. വേലായുധൻ
20. കെ. വി. സേവ്യർ

ഉള്ളടക്കം

1.	പശ്ശുപെറവ; ആട്ടിൻകുട്ടി.	1
2.	നാലുവങ്കന്മാർ.	5
3.	മുതലമുത്തപ്പൻ.	13
4.	കാക്കേ, കാക്കേ കൊക്കെവിടെ?	16
5.	മുയലും മൂക്കടെപ്പും.	21
6.	പെരുമഴച്ചെകുത്താൻ.	23
7.	മലങ്കാടന്റെ കത്തി.	28
8.	പാമ്പുമുത്തപ്പന്റെ പന്തയം.	33
9.	കുഴലുകാരൻ കുഞ്ഞൻ.	37
10.	പുളിയക്ഷി.	41

നാടോടിക്കഥകൾ

1. പശു പെററു; ആട്ടിൻകുട്ടി!

താൻ അതി സമത്ഥനാണ്, ബുദ്ധിമാനാണ്, എന്നെല്ലാമാണ് കോമുവിൻെറ ഭാവം. രാമു മഹാവഞ്ചകനാണുപോലും! രണ്ടുപേരും അയൽവീട്ടുകാരാണ്.

കോമുവിനു ഒരു പശുവുണ്ട്; രാമുവിന് ഒരാടും. രണ്ടും ഒരുപാതിരായ്ക്കു പെററു.

കോമു ഇലയനക്കം കേട്ടാലുണരും; ചെവിയിൽച്ചെന്ന് ഇടിവെട്ടിയാലും രാമു കൂക്കും വലിച്ചു കിടക്കും.

പശു പെററതു കോമു അറിഞ്ഞു; ആടുപെററതും കോമു അറിഞ്ഞു.

കോമുവിൻെറവീട്ടിൽ വിളക്കുണ്ട്. രാമുവിൻെറവീട്ടിൽ വിളക്കില്ല.

കോമു വിളക്കുകൊളുത്തി തൊഴുത്തിലെത്തി. പശുക്കുട്ടിയെ എടുത്ത് രാമുവിൻെറ ആട്ടിൻകൂട്ടിൽ കൊണ്ടുചെന്നു കിടത്തി. ആട്ടിൻകുട്ടിയെയെടുത്ത് തൻെറ തൊഴുത്തിലും.

കോമു ഒന്നുമറിഞ്ഞില്ലെന്നും നടിച്ച് മിണ്ടാതെ ചെന്നു കിടന്നു.

നേരം പുലന്നു. കോമുകണ്ണും തിരുമ്മി തൊഴുത്തിൽച്ചെന്നു നോക്കി. പശുവിനേയും ആട്ടിൻ കുട്ടിയേയും കണ്ട് അയാൾ അത്ഭുതം നടിച്ച് കൂകിവിളിച്ചു.

"എൻെറ പശു പെററിരിക്കുന്നു! ആട്ടിൻകുട്ടി!"

അയൽക്കാരെല്ലാം വന്നുനോക്കി. ശരിക്കും ആട്ടിൻ കുട്ടി! നാലുകാലുള്ള, രണ്ടു കണ്ണുള്ള, കുനുകുനുത്ത രോമമുള്ള ഒന്നാന്തരമൊരാട്ടിൻ കുട്ടി!

ഒമ്പതുമണിയായിക്കാണും, രാമു ക്രൂക്കും വലിനിർത്തി കണ്ണമിഴിച്ചു. അയാൾ കിടന്നിടത്തുകിടന്നു ചെവികൊടുത്തു. അയൽ വീട്ടിലെന്താ ഒരു ബഹളം? എണീററു ചെന്നുനോക്കി. തൊഴുത്തിനു ചുററും ആളുകൾ തടിച്ചുകൂടിയിരിക്കുന്നു. തിക്കും തിരക്കും ബഹളം!

കോമു വിളിച്ചുപറഞ്ഞു: "എൻെറ പശു പെററിരിക്കുന്നു; ആട്ടിൻ കുട്ടിയാ, ആട്ടിൻ കുട്ടി!"

രാമു തൻെറ ആട്ടിൻകൂട്ടിൽ ചെന്നു നോക്കി. അയാളുടെ ആടും പെററിരിക്കുന്നു. പശുക്കുട്ടി! അയാളും വിളിച്ചുപറഞ്ഞു.

"എൻെറ ആടുപെററു. പശുക്കുട്ടിയാ, പശുക്കുട്ടി!"

കാണികളെല്ലാം ആട്ടിൻ കൂട്ടിലേയ്ക്കു പാഞ്ഞു. ശരിക്കും ഒരു പശുക്കുട്ടി! നാലുകാലും രണ്ടു കണ്ണും ഒരുവാലുമുള്ള ഒന്നാന്തരമൊരു പശുക്കുട്ടി!

രാമുവിനൊരു സംശയം തോന്നി. ഇതു കോമുവിൻെറ പണിയായിരിക്കണം. അവൻ കുട്ടികളെ മാററിക്കിടത്തിക്കാണും. അവൻ ഓടിച്ചെന്നപാടെ ചോദിച്ചു.

"എടോ കോമുച്ചേട്ടാ, താനിതു മാററിക്കിടത്തിയതല്ലേ?"

"എൻെറ പൊന്നാരദൈവങ്ങളേ, ഇവൻ പറയുന്നതുകേട്ടില്ലേ?

"നിൻെറ കണ്ണാണു സത്യം! ഞാനിന്നുകാലത്താണിതുകണ്ടതു്!"

ആൾക്കാർ രാമുവിൻെറ ഭാഗത്തുചേർന്നു. അവർ പിറുപിറുത്തു. "കോമു ബഹുസമർത്ഥനാണു്. ഇതവൻെറ പണിയാവും."

MUNAVIRUL ISLAM HIGH SCHOOL ERNAKULAM Date..................

രാമു പറഞ്ഞു. "ഒരു പശു പെററതു് ഒരു പക്ഷേ ആട്ടിൻ കുട്ടിയായിരുന്നെന്നു വയ്ക്കുക. തൊട്ടതൊഴുത്തിൽ ഒരേസമയത്തു പശു ആട്ടിൻകുട്ടിയേയും ആടു് പശുക്കുട്ടിയേയും പെററതു് സംഭവിക്കാവുന്നതല്ല. അതു വിശ്വസിക്കാനാവില്ല. ഇതു കോമുവിൻെറ പണിതന്നെയാണു്. "

കോമു തലയിൽ കൈവച്ചു് ആണയിട്ടു. "എൻെറ ചെവിയുള്ള ഈശ്വരന്മാരേ, ഇതൊന്നു കേൾക്കണേ! എൻെറ രാമുച്ചേട്ടാ ഇങ്ങനെയൊന്നും പറയരുതേ! നിൻെറ തലയാണു സത്യം അമ്മയാണു സത്യം! ഞാനൊന്നുമറിഞ്ഞിട്ടില്ല."

അവസാനം ആൾക്കാരെല്ലാം കൂടി ഒരു തീരുമാനമെടുത്തു. അവർ പറഞ്ഞു:

"ചങ്ങാതികളേ, നിങ്ങൾ വഴക്കിടേണ്ട രണ്ടുപേരും കൂടി കാര്യവിവരമുള്ള മറെറാരാളുടെ അടുത്തുചെന്നു് വിവരം ചോദിക്കണം. അയാളതിന്നൊരു തീരുമാനം കാണും. അതുനമുക്കു വിശ്വസിക്കാം.

ശരി. അവർ സമ്മതിച്ചു.

കോമുവും രാമുവും അങ്ങനെ പോവുകയാണു്. ഇടയ്ക്കു് വാദിക്കുന്നുണ്ടു്; വഴക്കടിയ്ക്കുന്നുണ്ടു്. ഇടയ്ക്കു മിണ്ടാട്ടമില്ല.

വഴിക്കവർ ഒരു മുയലിനെ കണ്ടു. അവർ മുയലമ്മാവനെ തടഞ്ഞു നിർത്തി സംഭവം വിവരിച്ചുകൊടുത്തു.

മുയലമ്മാവൻ ചെവി കൂർപ്പിച്ചു് മീശ കുത്തനെ നിർത്തി എല്ലാം കേട്ടു മനസ്സിലാക്കി. അവസാനം പറഞ്ഞു.

"എനിക്കു് രണ്ടു ദിവസം തിരക്കാണു്. ആലോചിച്ചു് ഏഴാം ദിവസം ഉത്തരം പറയാം. നിങ്ങളുടെ വീട്ടിൽ വരാം. അന്നു് അയല്പക്കാരെല്ലാം അവിടെ ഉണ്ടാകണം.

ഏഴാം ദിവസം പുലർന്നു. അയൽക്കാരെല്ലാം സ്ഥലത്തുതടി

ച്ചകൂടി. എട്ടുമണിയായി! പത്തായി; പന്ത്രണ്ടായി. മുയലമ്മാവനെ കാണാനില്ല. ആൾക്കാരെല്ലാം രാമുവിനേയും കോമുവിനേയും സംശയിച്ചുതുടങ്ങി. രണ്ടുപേർക്കും പരിഭ്രമമായി. ആളുകൾ പിറുപിറുത്തു.

"മുയലമ്മാവൻ പറഞ്ഞ വാക്കുപാലിക്കുന്നവനാ."

"ഇതെല്ലാം കോമുവിൻെറ തട്ടിപ്പാ."

"മുയലമ്മാവനു നേരുകാര്യമാ"

"എടോ കോമുച്ചേട്ടാ തന്നോടെന്താ പറഞ്ഞതു്"

"ഏഴാം ദിവസം വരാമെന്നു്"

"ശരി, നമുക്കിരുട്ടാകും വരെ കാത്തിരിക്കാം"

ഒന്നു്, രണ്ടു്, മൂന്നു്, നാലു്, അഞ്ചു് അങ്ങനെ മണി ആറായി. അവർ കണ്ണിമയ്ക്കാതെ പടിയ്ക്കലേയ്ക്കു തന്നെ നോക്കിയിരിയ്ക്കുയാണു്.

അതാവരുന്നു, മുയലമ്മാവൻ! ചെവികൂർപ്പിച്ചു് മീശകുത്തനെപിടിച്ചു് വലിയ ഗൗരവത്തിൽ.

എല്ലാവരും എഴുന്നേററു തൊഴുതുനില്പായി.

മുയലമ്മാവൻ കാലും മുഖവും കഴുകിയശേഷം കസേരയിലിരുന്നു. കോമുവീശിക്കൊടുത്തു; രാമു മുറുക്കാൻ കൊടുത്തു.

എല്ലാവരും ചെവി കൂർപ്പിച്ചു് നില്പായി.

മുയലമ്മാവൻ അല്പമാശ്വസിച്ചു. പിന്നെ സംഭാഷണം തുടങ്ങി.

"ചങ്ങാതികളേ, വഴിക്കെനിക്കല്പം താമസം പററി. പുലച്ചയ്ക്കു പുറപ്പെട്ടതാ. ഒരു പുഴകടക്കണം. അതിലെവെള്ളം മുഴുവനും തീപിടിച്ചിരിക്കുന്നു. അതങ്ങനെ ആളിക്കത്തുകയാണു്. കടക്കാതിരിക്കാൻ പററുകയില്ലല്ലോ? വേഗം ഞാനൊരുകണ്ണൻ ചിരട്ടയെടുത്തു മാനത്തുപോയി വെള്ളം മുക്കിക്കൊണ്ടുവന്നു തീയെല്ലാം കെടുത്തി. അതിനു നേരംകുറെപ്പിടിച്ചു. ക്ഷമിക്കണം.

ആരും മിണ്ടുന്നില്ല. അവരെല്ലാം വിഡ്ഢികളാണെന്ന കോമുവിനുതോന്നി. പക്ഷേ താനത്ര വങ്കനൊന്നുമല്ല. കോമു പറഞ്ഞു.

"മുയലമ്മാവൻ പറഞ്ഞതിൽ എനിക്കു തീരെ വിശ്വാസമില്ല. വെള്ളം തീപിടിക്കുക. മാനത്തു നിന്നു വെള്ളം കൊണ്ടു വരുക. ഇതൊന്നും ഉള്ളതല്ല"

മുയലമ്മാമൻ തരത്തിനു കൊടുത്തു ഒരു മറുപടി!

"അതുപോലെ കോമു പറഞ്ഞതിൽ എനിക്കും വിശ്വാസമില്ല. ആട് പശുക്കുട്ടിയെ പ്രസവിക്കുക. പശു ആട്ടിൻകുട്ടിയെ പ്രസവിക്കുക. ഇതും ഉള്ളതല്ല.

"അതുകൊണ്ട് പശുക്കുട്ടിയേയും ആട്ടിൻ കുട്ടിയേയും അതതിന്റെ തള്ളമാരുടെ അടുത്തുതന്നെ കൊണ്ടുചെന്നുകിടത്തുക. അതു കോമുതന്നെവേണം. എന്താ, എല്ലാവക്കും സമ്മതമല്ലേ?"

"സമ്മതമാണേ! സമ്മതമാണേ:"

ചിലർ ആർത്തുവിളിച്ചു. ചിലർ കൈയടിച്ചു. ചിലർ മുണ്ടുകറം വീശി. ചിലർ തുള്ളിച്ചാടി.

"കോമു ആട്ടിൻ കുട്ടിയേയും താങ്ങി അങ്ങോട്ടുപോയി. പശുക്കുട്ടിയെതാങ്ങിപ്പിടിച്ചിങ്ങോട്ടും പോന്നു.

2. നാലു വങ്കന്മാർ

ഒരുനാട്ടിൽ നാലു വങ്കന്മാരുണ്ടായിരുന്നു. എങ്ങാമണ്ടി, എക്കാമണ്ടി, എനാമണ്ടി, ഡീസ്മണ്ടി. അവക്കു മൂന്നുനേരവും മൂക്കററം തിന്നണം. എന്തെങ്കിലും പണി പറഞ്ഞാൽ അതെല്ലാം കുഴപ്പത്തിലാക്കും. വിശന്നാൽ കണ്ട അടുക്കളയിൽ ചെന്നുകയറും. കണ്ടതെല്ലാമെടുത്തുതിന്നും. ആരെങ്കിലും ക

ണ്ടുമുട്ടിയാൽ കണക്കിനുകിട്ടുകയും ചെയ്യും. ആ മുതുകളും ചെവിക്കുററികളെല്ലാം തഴമ്പുകേറിയിരിക്കുന്നു. ശല്യം സഹിക്കാതെ അവസാനം നാട്ടുകാരെല്ലാംകൂടി അവരെത്തള്ളിപ്പുറത്താക്കി.

ആ പെരുവയറന്മാർ അങ്ങനെ അലഞ്ഞുനടന്നു. കണ്ടവീട്ടുകളിലെല്ലാം ചെന്നുകയറും; കഞ്ഞിയും ചോറും ചോദിക്കും. ആരും ഒരു വററുപോലും കൊടുക്കില്ല. 'പണിയെടുത്തുതിന്നാൻ കഴിവുള്ളവർ പിച്ചതെണ്ടി നടക്കുന്നു. കള്ളന്മാർ!' ചെന്നവീട്ടിലെല്ലാം ശകാരമാണവർക്കു കിട്ടിയതു്.

അവസാനം അവരൊരു വീട്ടിൽ ചെന്നുകയറി. ഒരു കിഴവിമാത്രമുണ്ടവിടെ. അന്നവിടെ പുരകെട്ടിമേച്ചിലായിരുന്നു.

"അമ്മാ, വിശന്നിട്ടുവയ്യ വല്ലതും തരണേ."

നാലുപേരും കരഞ്ഞുകൊണ്ടു ചോദിച്ചു.

കിഴവിക്കു മേച്ചിലിനു പണിക്കാരെ കിട്ടിയില്ല. അവർ പറഞ്ഞു."

"തരാം പക്ഷേ ഒരു കാര്യം. ഇവിടെ ഇന്നു പുരമേച്ചിലാണു്. അതാ ആ അയൽവീട്ടിൽ കുറച്ചു വയ്ക്കോൽ വാങ്ങിയിട്ടുണ്ടു്. അതിങ്ങുകൊണ്ടുവരണം. അതുകഴിഞ്ഞാൽവല്ലതുംതരാം.

ശരി അവർ സമ്മതിച്ചു. നാലുപേരും അയൽവീട്ടിൽ പോയി വയ്ക്കോൽ കെട്ടുകളാക്കി തലയിലേററിക്കൊണ്ടുവന്നു. എങ്ങാമണ്ടി കിഴവിയോടു ചോദിച്ചു.

"അമ്മാ, ഇതു് എവിടെ ഇടണം?"

"അതാ, അവിടെ ആ വടക്കേപ്പുറത്തു്"

അവർ സ്ഥലം ചൂണ്ടിക്കാട്ടി.

തുടന്നു് എക്കാമണ്ടിചോദിച്ചു.

"അമ്മാ, ഇതെവിടെ ഇടണം?"

കിഴവി വീണ്ടും സ്ഥലം കാട്ടിക്കൊടുത്തു"

എനാ മണ്ടിയും അതേ ചോദ്യം ചോദിച്ചു. കിഴവിക്കുദേഷ്യംവന്നു. അവരതു പുറത്തു കാട്ടിയില്ല. അയാൾക്കും സ്ഥലം കാട്ടിക്കൊടുത്തു.

ഡീസ് മണ്ടിയും അതേ ചോദ്യം! കിഴവിക്കു കലിവന്നു. ഡീസ്മണ്ടി മിഴിച്ചുനില്ക്കുന്നതു കണ്ട് അവർ ആ സ്ഥലംതന്നെ ചൂണ്ടിക്കാട്ടിക്കൊടുത്തു.

അവർ നാലുപേരും വീണ്ടും വയ്ക്കോൽക്കെട്ടുകളേററിയെത്തി. ഓരോരുത്തനായി ചോദിക്കുന്നതു കിഴവിയ്ക്കു് ഇഷ്ടമില്ലെന്ന് അവർ ഊഹിച്ചു. അതുകൊണ്ട് ഇത്തവണ അവർ നാലുപേരുമൊന്നിച്ചാണ് ചോദിച്ചതു്.

"അമ്മാ, ഇതെവിടെയിടണം.?"

കിഴവി കലികൊണ്ടുതുള്ളിപ്പറഞ്ഞു,

"എൻെറ തലയ്ക്കു്!"

നാലുപേരും പറഞ്ഞപോലെ ആ വയ്ക്കോൽക്കെട്ടുകൾകിഴവിയുടെ തലയ്ക്കിട്ടു. കിഴവി അതിനുള്ളിൽക്കിടന്ന് വീർപ്പുമുട്ടിച്ചത്തു.

വിവരം നാട്ടുകാരറിഞ്ഞു. എല്ലാവരുമോടിയെത്തി. കണ്ടവർ കണ്ടവർ കണ്ടതെടുത്തു നാലുപേരെയും തല്ലി. അതവർക്കു പുതുമയല്ല. അവരതെല്ലാം മഴകൊള്ളുംപോലെകൊണ്ടു.

അവസാനം നാട്ടുകാർ തീരുമാനിച്ചു. ഏതായാലും കിഴവിയെ കൊന്നതിവരാണല്ലോ. ഇവർ തന്നെപോയി വിറകുവെട്ടിക്കൊണ്ടുവന്നു ശവം ദഹിപ്പിക്കട്ടെ. നാട്ടുകാർ അവർക്കൊരു മഴുവുംകൊടുത്തു പറഞ്ഞയച്ചു.

നാലുപേരും കാട്ടിലെത്തി; കുറെ നടന്നുനോക്കി. അവസാനം പററിയൊരുമരം കണ്ടെത്തി. അവരതു മുറിക്കാനൊരുങ്ങി.

എങ്ങാമണ്ടി വെട്ടാനൊരുങ്ങിനിന്നു. എക്കാമണ്ടിയും എനാമണ്ടിയും മരം വീഴുമ്പോൾ താങ്ങാമെന്നേററു. നിലത്തുവീ

ണു കഴിഞ്ഞാൽപ്പിന്നെ പൊക്കിയെടുക്കാൻ വിഷമമാകുമല്ലോ? ഇരുവരും വീഴുന്ന തക്കം നോക്കി താങ്ങാനൊരുങ്ങി നില്പായി. മരത്തിന്റെ മുകളിൽക്കയറി കൊമ്പുപിടിച്ച് ആട്ടുകയാണ് ഡീസ്മണ്ടി. എങ്ങാമണ്ടി മുറിച്ചു വീഴ്ത്തും മുമ്പ് അവനതു് ആട്ടിവീഴ്ത്തണം.

എങ്ങാമണ്ടി വെട്ടുതുടങ്ങി. മരം വീണു. എക്കാമണ്ടിയും എനാമണ്ടിയും മരം വരുന്നവരവിൽ, പാകത്തിനുതലകാട്ടിക്കൊടുത്തു. അവരതിനിടയിൽപ്പെട്ട് പിടഞ്ഞു ചത്തു. ഡീസ് മണ്ടി മരക്കൊമ്പത്തുനിന്ന് ചക്കപോലെ തലതല്ലിത്താഴെവീണു. അവനൊന്നുമറിഞ്ഞില്ല. എങ്ങാമണ്ടി അടുത്തൊരു മരത്തണലിൽ മഴുവും ചാരിവെച്ച് ഇരിപ്പായി.

കുറച്ചുകഴിഞ്ഞപ്പോൾ ഡീസ്മണ്ടിയ്ക്ക് ബോധം വന്നു. ഉറക്കമുണർന്നപോലെ അവൻ കണ്ണുതിരുമ്മി എണീററുവന്നു. മരത്തണലിൽച്ചെന്ന് എങ്ങാമണ്ടിയോടു ചോദിച്ചു.

“എവിടെയാണുചേട്ടാ എക്കാച്ചേട്ടനും എനാച്ചേട്ടനും?”

“അവരതാ ആ തടിക്കു കീഴെ കിടന്നുറങ്ങുന്നു. ഉറക്കമുണരട്ടെ; അതുവരെ നമുക്കിവിടെയിരിക്കാം”

അവർ രണ്ടുപേരും ആ ദിവസം മുഴുവനും അവരുണരുന്നതും കാത്തിരുന്നു. പിറെറ ദിവസം ഒരു വിറകുവെട്ടുകാരൻ അതിലെവന്നു. അയാൾ ചോദിച്ചു.

“എന്താനിങ്ങളിവിടെയിരിക്കുന്നേ!”

“ഞങ്ങൾക്കു് രണ്ടുകൂട്ടുകാരുണ്ടു്. അവരതാ അവിടെക്കിടന്നുറങ്ങുന്നു. അവരെണീററുവരട്ടെ, എന്നിട്ടുവേണംപോവാൻ.”

വിറകുവെട്ടുകാരൻ തടിക്കിടയിൽക്കിടക്കുന്ന ഇരുവരേയും ചെന്നുനോക്കി. അയാൾപറഞ്ഞു.

“എടാ വിഡ്ഢികളേ, ഇവർ ചത്തിരിക്കുന്നു.”

“ചത്തോ, അതെങ്ങനെയറിഞ്ഞു?”

"ഒരു നാററം വരുന്നില്ലേ?"

"നേരോ; ചത്താൽ നാററം വരുമോ?"

"പിന്നല്ലാതെ!"

അയ്യോ! പാവം! എൻെറ ഏക്കാച്ചേട്ടനും ഏനാച്ചേട്ടനും ചത്തുപോയി!" അവരിരുവരും അവിടെയിരുന്നു കുറെക്കരഞ്ഞു. കുറച്ചുകഴിഞ്ഞു മഴവും തോളിൽത്തൂക്കിയിട്ട് അവരവിടം വിട്ടു.

അവരങ്ങനെ നടക്കുകയാണ്. ഇടയ്ക്ക് ഏങ്ങാമണ്ടിപറഞ്ഞു.

"അനിയാ, വിശന്നിട്ടുവയ്യല്ലോ"

അതയാറം ഡീസ്മണ്ടിയുടെ അടുത്തുവന്നാണ പറഞ്ഞത്. രണ്ടുമൂന്നു ദിവസമായി ഏങ്ങാമണ്ടി പല്ലുതേച്ചിട്ട്. വായ്വല്ലാതെ നാറിയിരുന്നു. ഡീസ്മണ്ടി ഉറപ്പിച്ചുപറഞ്ഞു.

"ചേട്ടൻ ചത്തുചേട്ടാ, ചത്തു."

"നേരോ? ഞാൻ ചത്തോ?"

"നേരു്. ചത്തു .ചേട്ടൻെറ വായ് നാറുന്നു."

"എന്നാൽ ഞാൻചത്തു."

ഇതും പറഞ്ഞു് ഏങ്ങാമണ്ടി അവിടെ ചത്തുകിടന്നു ഡീസ്മണ്ടി തൻെറവായും നാറുന്നുണ്ടോ എന്നുനോക്കി. ഉണ്ടു്. അയാളും ആവഴിയിൽത്തന്നെ ചത്തുകിടന്നു.

ഒരാനയും ആനക്കാരനും അതിലെ വരുന്നുണ്ടായിരുന്നു. ആനക്കാരൻ ആനപ്പുറത്തിരുന്നു വിളിച്ചുപറഞ്ഞു.

ആരാടാ വഴിയിൽക്കിടക്കുന്നു്! എണീററുപോടാ!"

"ഞങ്ങറംക്കെണീക്കാൻ വയ്യ ഞങ്ങറം ചത്തുകിടക്കുകയാണു്."

രണ്ടുപേരും ഉറക്കെ വിളിച്ചുപറഞ്ഞു.

ആനക്കാരൻ ഇറങ്ങിവന്ന് കാരക്കോലുകൊണ്ടു രണ്ടുപേരുടേയും മുതുകത്തു ഈരണ്ടുകൊടുത്തു.

"അയ്യമ്മോ" അവർ പിടഞ്ഞെണീറ്റു. ആനക്കാരൻെറ അടുത്തുചെന്നു പറഞ്ഞു.

"ഇതു വല്ലാത്തൊരു വടിയാണല്ലോ. ചത്തവരെ ജീവിപ്പിക്കുന്നവടി! ഇതു ഞങ്ങൾക്കു് തരാമോ? ഈ മഴ പകരം തരാം."

ശരി. ആനക്കാരൻ സമ്മതിച്ചു. വടികൊടുത്തു് മഴവാങ്ങി, അയാൾ ആനപ്പുറത്തുകയറിപ്പോയി.

എങ്ങാമണ്ടിയും ഡീസ്മണ്ടിയും ആ വടിയുംകൊണ്ടു് വീണ്ടും നടന്നു.

വഴിക്കു് ഒരിടത്തു് ഒരു വലിയ ബഹളം! അവിടുത്തെ മുതലാളിയുടെ മകൾ മരിച്ചിരിക്കുന്നു. ഒരേ ഒരു മകളേ ഉള്ളൂ അയാൾക്കു്.

ഇരുവരും അവിടേയ്ക്കു കടന്നുചെന്നു. വിവരമറിഞ്ഞു. അവർ മുതലാളിയുടെ അടുത്തുചെന്നു പറഞ്ഞു.

"ഞങ്ങളുടെ കയ്യിൽ ചത്തവരെ ജീവിപ്പിക്കുന്ന ഒരുവടിയുണ്ടു്. മകളെ ഞങ്ങൾ ജീവിപ്പിച്ചുതരാം."

മുതലാളി അതു വിശ്വസിച്ചില്ല. എങ്കിലും, ഏതായാലും മരിച്ചതല്ലേ, ഒന്നുപരീക്ഷിച്ചു നോക്കാം; അദ്ദേഹം അതു സമ്മതിച്ചു.

അവരുടെ ആവശ്യപ്രകാരം ശവം ഒരു മുറിയിൽ കൊണ്ടുചെന്നുകിടത്തി. ഇരുവരും അതിനുള്ളിൽ കടന്നു. വാതിലെല്ലാം കൊട്ടിയടച്ചു് കാരക്കോലെടുത്തു് അടി തുടങ്ങി. എത്ര അടിച്ചിട്ടും ജീവൻ വരുന്നില്ല. അവർ തമ്മിൽത്തമ്മിൽ പറഞ്ഞു.

"ഇവൾ വല്ലാത്തൊരു ചാവലാണു് ചത്തിരിക്കുന്നതു്! നമുക്കു രണ്ടടിവീതമേ വേണ്ടിവന്നുള്ളൂ. ഇവൾ എത്രയടിച്ചിട്ടും ഒന്നിളകുന്നില്ലല്ലോ. വല്ലാത്തൊരു ചാവൽ!"

അടി തുടരുകയാണ്. ആളുകളെല്ലാം ക്ഷമകെട്ട പുറത്തു നില്ക്കുന്നുണ്ട്. അകത്തുനിന്ന് അടിയുടെ ശബ്ദം കേൾക്കുന്നു. അവിടെ നടക്കുന്നതെന്താണെന്നൊരു പിടിയുമില്ല. വാതിൽതുറക്കാൻ പറഞ്ഞു. തുറന്നില്ല. അവസാനം അവർ വാതിൽചവിട്ടിപ്പൊളിച്ചു. അകത്തു കടന്നപ്പോൾ കണ്ടതോ, ഒരുമാംസക്കട്ട! അതു് ഇരുവരും അടിച്ചുരുട്ടുകയാണ്. ആൾക്കാർ ആ മുറിയിലേക്ക് ഉന്തിത്തള്ളിക്കയറി. അവർ രണ്ടുപേരെയും പിടിച്ചടിച്ചും ഇടിച്ചും മുതലാളിയുടെ മുമ്പിൽക്കൊണ്ടുപോയി നിർത്തി.

മുതലാളി നല്ലവനാണ്. അയാൾ ചോദിച്ചു.

"നിങ്ങളെന്തിനിപ്പണിചെയ്തു? എന്നെ കൂടുതൽ വേദനിപ്പിക്കുകയാണ് നിങ്ങൾ ചെയ്തതു്. എന്തിനാണിതു ചെയ്തതു്!

രണ്ടുപേരും പറഞ്ഞു.

"ഞങ്ങൾക്ക് വിശപ്പു സഹിക്കാൻവയ്യ. വല്ലതും കിട്ടിയെങ്കിലോ എന്നുകരുതി ചെയ്തതാ."

അതാണെങ്കിൽ ഇതല്ല ചെയ്യേണ്ടിയിരുന്നതു്. നിങ്ങളൊരുമിച്ചു കരയുകയായിരുന്നു വേണ്ടതു്. നിങ്ങളിങ്ങനെ നെഞ്ചത്തടിച്ചുകരയണം. "അയ്യോ! എൻെറ പൊന്നേ, ഇത്രചെറുപ്പത്തിൽത്തന്നെ നീ ഞങ്ങളെ വിട്ടുപിരിഞ്ഞല്ലോ! ഇത്രവേഗം ഇതുചെയ്യേണ്ടിയിരുന്നില്ല. അയ്യോ 'എൻെറ പൊന്നേ!"

ശരി; അവരതു സമ്മതിച്ച് അവിടം വിട്ടു. കുറെ അലഞ്ഞു നടന്നു. ഒരു നാദസ്വരത്തിൻെറ ഒച്ചകേട്ടു. ആ ശബ്ദത്തിനുനേക്കവർ നടന്നു. ചെന്നുകയറിയതു് ഒരു കല്യാണപ്പന്തലിലാണ്. വരനും വധുവും മാലയിടാനൊരുങ്ങി നില്ക്കുകയാണ്. പന്തലിൽ ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. എങ്ങാമണ്ടിയും ഡീസ്മണ്ടിയും ആ തിരക്കിലൂടെ ഓടിച്ചെന്നു ഒരാൾ വരൻെറ കൈക്കു പിടിച്ചു; മറ്റെയാൾ വധുവിൻേറയും. എന്നിട്ടു് ഉറക്കെ നിലവിളിച്ചു.

"അയ്യോ! എൻെറ പൊന്നേ, ഇത്ര ചെറുപ്പത്തിലേ നീ ഞങ്ങളെ വിട്ടുപിരിഞ്ഞില്ലേ? ഇത്രവേഗം ഇതു വേണ്ടിയിരുന്നില്ല. എൻെറ പൊന്നേ, എൻെറ പൊന്നേ!"

അവർ നെഞ്ചത്തടിച്ച് നിലവിളി തുടങ്ങി. കല്യാണപ്പന്തലിൽ കൂടിയവരെല്ലാമെണീററു. ഇരുവരേയും വലിച്ചടി തുടങ്ങി. അവസാനം ആൾക്കാർ അവരോടു ചോദിച്ചു:–

"നിങ്ങളെന്താണിച്ചെയ്തതു്? ഇതു കല്യാണപ്പന്തലാണെന്നറിയില്ലേ? എന്തെല്ലാമാണി കാട്ടിക്കൂട്ടിയതു്?"

"ഞങ്ങൾക്കു വിശന്നിട്ടു വയ്യ. വല്ലതും കിട്ടിയെങ്കിലോ എന്നു കരുതി ഇങ്ങനെ ചെയ്തതാണേ."

അവരുടെപേരിൽ ആൾക്കാർക്കു ദയതോന്നി. അവരുപദേശിച്ചു.

"നേരോ? എന്നാൽ ഇങ്ങനെയല്ല വേണ്ടിയിരുന്നതു്. അടുത്തുചെന്നു പറയണം 'നിങ്ങൾ രണ്ടുപേരും ഇങ്ങനെതന്നെ വളരെക്കാലം ജീവിച്ചിരിക്കണേ' എന്നു്.

ശരി. അവരതു സമ്മതിച്ച് അവിടംവിട്ടു. അവരങ്ങനെ പോവുകയാണു്. വഴിക്കു് ഒരു ഭാര്യയും ഭർത്താവും തമ്മിൽ വഴക്കടിക്കുകയാണു്. വഴക്കമൂത്തു് അടിപിടിയായിരിക്കുന്നു. എങ്ങാമണ്ടിയും ഡീസ്മണ്ടിയും അടുത്തുചെന്നു് അവരെ തടഞ്ഞുപറഞ്ഞു.

"നിങ്ങൾ രണ്ടുപേരും ഇങ്ങനെതന്നെ വളരെക്കാലം ജീവിച്ചിരിക്കണേ".

ഭാര്യയും ഭർത്താവും അവർ രണ്ടുപേരുടേയും നേർക്കുതിരിഞ്ഞു് അടി തുടങ്ങി. അവസാനം അവർ ചോദിച്ചു:

"നിങ്ങളെന്തിനാണിപ്പണി ചെയ്തതു്?"

"ഞങ്ങൾക്കു വിശന്നിട്ടാണേ" അവർ സങ്കടമുണർത്തിച്ചു.

എന്നാൽ ഇതല്ല വേണ്ടിയിരുന്നതു്. ഞങ്ങടെ നടുക്കു ചാടിവീണു് ഇങ്ങനെ പറയേണ്ടിയിരുന്നു:

"നിങ്ങളിങ്ങനെയൊന്നും വഴക്കടിക്കരുതു്. വളരെ ഒരുമയോടെ മേലാൽ കഴിഞ്ഞുകൂടുകയാണ വേണ്ടതു്".

അവരതു സമ്മതിച്ചു് അവിടംവിട്ടു. അവരങ്ങനെ നടന്നുനടന്നു് ഒരമ്പലപ്പറമ്പിലെത്തി. അവിടെയുണ്ടു് രണ്ടു കാളകൾനിന്നു കുത്തുകൂടുന്നു. രണ്ടും തമ്മിലൊന്നിടിച്ചു് രണ്ടാമത്തെ ഇടിക്കു് ആയംകിട്ടുവാൻ പുറകോട്ടൊന്നുമാറി നിന്നിരിക്കുകയാണു്. ആ തക്കംനോക്കി രണ്ടുപേരും ആ കാളകളുടെ നടുക്കു ചാടിവീണു പറഞ്ഞു:

"നിങ്ങളിങ്ങനെയൊന്നും വഴക്കടിക്കരുതു്. വളരെ ഒരുമയിൽ കഴിഞ്ഞുകൂടുകയാണ വേണ്ടതു്."

ഇതു പറഞ്ഞുകഴിഞ്ഞില്ല; അപ്പോഴേയ്ക്കും കാളകൾ രണ്ടും ആഞ്ഞിടിക്കാൻ ചീറിയടുത്തു. എങ്ങാമണ്ടിയും ഡീസ്മണ്ടിയും ആ ഇടിയിൽപ്പെട്ടു ചതഞ്ഞു ചമ്മന്തിയായി.

3. മുതല മുത്തപ്പൻ

മുയലിനു മൃഗങ്ങൾക്കിടയിൽ വലിയ സ്ഥാനമാണു്. എന്തു തീരുമാനത്തിനും അയാൾ വേണം. അയാൾക്കു് അറിയാത്ത കാര്യമില്ല. എല്ലാ സമ്മേളനങ്ങളിലും അയാളാണദ്ധ്യക്ഷൻ.

തവളയ്ക്കുതൊന്നും പിടിയ്ക്കുന്നില്ല. അവൻെറ സ്ഥാനംവളരെ താഴെയാണു്. അവനസൂയമൂത്തു. മുയലമ്മാമനെ അങ്ങനെ വിട്ടുകൂടാ. കണ്ടവരെല്ലാം അയാളെ കളിയാക്കണം; അതിനെന്തു വഴി?

അയാൾ ഒരു പാറയുടെ കീഴെ ഒളിച്ചിരുന്നു. മുയൽ വരുന്ന തക്കം നോക്കി അടിച്ചുവിട്ടു; 'പോക്രം പോക്രം'

മുയൽ ഞെട്ടിത്തെറിച്ചൊരു ചാട്ടം! തുടന്നു് ഒരോട്ടം! അവൻ ഒരു കുമ്പളങ്ങമേൽ ചെന്നുമുട്ടി. കുമ്പളങ്ങ ഉരുണ്ടുരുണ്ടു്

അടുത്തുള്ള ഒരെള്ളിൻ കണ്ടത്തിൽ ചെന്നുവീണു. എള്ളുവിളഞ്ഞുപൊട്ടിത്തെറിക്കാറായി നില്ക്കുകയായിരുന്നു. കുമ്പളങ്ങമുട്ടിയതോടെ എള്ളുപൊട്ടിത്തെറിച്ചു. ഒരുകഴുകൻ വരമ്പത്തിരിപ്പുണ്ടായിരുന്നു. അതിൻെറ കണ്ണിൽ ചില മണികൾതെറിച്ചുവീണു. കഴുകനു കണ്ണു മിഴിക്കാൻ വയ്യ. പറന്നു് അതൊരു ഉണങ്ങിയ മരച്ചില്ലമേൽ ചെന്നിരുന്നു, ചില്ലപൊട്ടിവീണു. വീണതോടെ താഴെക്കിടക്കുന്ന ഒരു പാമ്പിൻെറ നെടുമ്പുറത്തും. പാമ്പുപിടഞ്ഞോടി ഒരു പന്നിയുടെ മേൽ ചെന്നുമുട്ടി. പന്നി ഒരുവെള്ളരിക്കാ കടിച്ചുതിന്നുകയായിരുന്നു. പെട്ടെന്നു പന്നിഞെട്ടി തലപൊക്കി, വെള്ളരിക്ക ഉരുണ്ടുരുണ്ടു് താഴെ ഒരു കുളത്തിൽച്ചെന്നുവീണു. കുളത്തിനടിയിൽ ഒരു മുതല മുത്തപ്പൻ സുഖമായിക്കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ വെള്ളരിക്ക അയാളുടെ ഉറക്കമുണർത്തി. അയാൾ അരിശംകൊണ്ടു് ഓടിയെത്തി വെള്ളരിക്കായോടു പറഞ്ഞു.

"നീയെൻെറ ഉറക്കമുണർത്തി. നിന്നെ ഞാൻ ശരിപ്പെടുത്തും. നിൻെറ മണ്ട ഞാനുടയ്ക്കും."

"അയ്യോ! മുതല മുത്തപ്പാ, ഞാനിതിൽകുററക്കാരനല്ല. എന്നെ ഒരു പന്നിവന്നുരുട്ടിയതാ"

"എവിടെടാ നിൻെറ പന്നി?"

"അതാപോകുന്നു!" വെള്ളരിക്ക ചൂണ്ടിക്കാട്ടി.

മുതല മുത്തപ്പൻ പന്നിയുടെനേർക്കോടി; മുൻപിൽച്ചെന്നലറി.

"എടാ നിൻെറ കഥ ഞാൻ കഴിക്കും! നീ എന്തിനെന്നെ ഉറക്കമുണർത്തി?"

"മുതലമുത്തപ്പാ എന്നോടു ദേഷ്യപ്പെട്ടിട്ടെന്തു കാര്യം? ആ പാമ്പു് എൻെറ ദേഹത്തുവന്നുമുട്ടി. അവനാണതിനു കാരണം."

മുതലമുത്തപ്പൻ പാമ്പിൻെറ നേർക്കോടി. അയാൾ ചീറിച്ചാടി.

"നിൻെറ കുടലുഞാൻ എടുക്കും. ധിക്കാരി! നീയല്ലേ എന്നെ ഉറക്കമുണർത്തിയതു്."

"മുതല മുത്തപ്പാ, എന്നോടിങ്ങനെ ദേഷ്യപ്പെട്ടിട്ടെന്തുകാര്യം? ആ ഉണങ്ങിയ മരച്ചില്ല എൻെറ ദേഹത്തു പൊട്ടിവീണു. അതാണു് കാരണം."

"ആങ്ങ്ഹാ! അതുശ്ശരിയോ? ആ ചില്ലയെ ഞാൻ കാണിച്ചുതരാം." മുതലമുത്തപ്പൻ ആ ചില്ലയുടെനേക്കു ചെന്നലറി.

"എടാ മരച്ചില്ലേ നിന്നെഞാൻകൊല്ലും! കടിച്ചുകാന്തു കഥകഴിക്കും. നീ എന്തിനെൻെറ ഉറക്കമുണർത്തി?"

മരച്ചില്ല വിറച്ചു പറഞ്ഞു. "അയ്യോ! മുത്തപ്പാ, ഞാനല്ല, ആ കഴുകനാണേ, എൻെറ ദേഹത്തു വന്നിരുന്നപ്പോൾ ഒടിഞ്ഞു വീണതാണെ!"

മുതല മുത്തപ്പൻ എള്ളിൻചെടിയുടെ നേക്കുചെന്നു വാലിന്മേൽ കുത്തനെ നിന്നുപറഞ്ഞു.

"നീ എൻെറ ഉറക്കമുണർത്തി; നിന്നെ ഞാൻവെട്ടിനുറുക്കും."

"അയ്യോ! മുതലമുത്തപ്പാ, ഞാനല്ല അതു ചെയ്തതു്. അതാ ആ കുമ്പളങ്ങയാണേ."

"എവിടെടാ കുമ്പളങ്ങാ?" മുതലമുത്തപ്പൻ കുമ്പളങ്ങയുടെ അടുത്തെത്തി അലറി.

"എടാ നരപ്പാ, നിൻെറതല ഞാൻ തല്ലിച്ചതയ്ക്കും. നീയെന്തിനെൻെറ ഉറക്കമുണർത്തി? നിൻെറ തലഞാൻ തല്ലിപ്പൊളിക്കും.

"അയ്യോ! മുത്തപ്പാ, എന്നെക്കൊല്ലരുതേ. അതാ ആ മുയലാണതിനു കാരണം."

മുതലമുത്തപ്പൻ മുയലിന്നടുത്തെത്തി അലറി:

"നീയെന്തിനെൻെറ ഉറക്കമുണർത്തി? നിന്നെ ഞാൻ ചതച്ചുവിടും."

"ഞാനതു കരുതിക്കൂട്ടിച്ചെയ്തതല്ല മുത്തപ്പാ, എന്നെ ഒരു ചെകുത്താൻ പേടിപ്പിച്ചു. അപ്പോൾ അറിയാതെ പാറിപ്പോയതാ."

"എവിടെടാ ചെകുത്താൻ?"

"അതാ ആ പാറയുടെ അടിയിലുണ്ട്." മുയൽ വിറച്ചു വിറച്ചു പറഞ്ഞു.

മുതലമുത്തപ്പൻ അവിടെച്ചെന്നുനോക്കി. തവള അപ്പോഴേയ്ക്കും അവിടംവിട്ടിരിക്കുന്നു. മുത്തപ്പനൊന്നും കാണാതെ മടങ്ങി. അയാൾ മുയലിന്റെ നേർക്കുനിന്നു പറഞ്ഞു:

"എടാ, കള്ളാ, നീയെന്നെ ചതിക്കാൻ നോക്കുന്നോ? നീ കള്ളമാണ് പറഞ്ഞത്. അവിടെ ഒരു ചെകുത്താനുമില്ല. നീയാണെനിക്ക് ഇരയാകാൻ പോകുന്നത്."

മുയൽനിന്നു കിടുകിടെ വിറയ്ക്കുകയാണ്. അയാളുടെ മൂക്ക് കൂടെക്കൂടെ ചിണുങ്ങിക്കൊണ്ടിരുന്നു.

മൂക്കു ചിണുങ്ങിക്കൊണ്ടിരിക്കുന്ന ആ മുഖം കണ്ടപ്പോൾ മുതലമുത്തപ്പന് ചിരി അടക്കാൻ വയ്യാതായി. മുത്തപ്പൻ പൊട്ടിച്ചിരിച്ചു. അയാൾ ഗൗരവമെല്ലാം വിട്ടു കുളത്തിലേയ്ക്കു തന്നെ തിരിച്ചുപോയി. പക്ഷേ മൂക്കു ചിണുങ്ങിക്കൊണ്ടിരിക്കുന്ന മുയലിന്റെ ആ സ്വഭാവം ഇന്നും വിട്ടിട്ടില്ല.

4. കാക്കേ, കാക്കേ, കൊക്കെവിടെ?

ഒരു കാക്ക ഒരു ദിവസം ഒരു കുരുവിയെ കടന്നു പിടിച്ചു. കാക്ക അലറുന്ന ശബ്ദത്തിൽ പറഞ്ഞു:

"നിന്നെ ഞാൻ കൊത്തിക്കൊന്നുതിന്നാം. നോക്കിക്കോ!"

കുരുവി ചിറകു വിടർത്തി മാറത്തടിച്ച് തന്നത്താൻ നിലവിളിച്ചു.

"എന്റെ പൊന്നുമോളേ, നിന്റെ അമ്മയിതാ ചാവുകയായ്. ഇനിനിന്നെനോക്കാൻ ആരുണ്ട്?"

കാക്കയ്ക്കിതുകേട്ടപ്പോൾ പുതിയൊരുപായം തോന്നി. ഈ കുരുവി കിഴവിയായിരിക്കുന്നു. ഇവളുടെ മകൾ ഇളപ്പമായിരി

കും അവളെയാണ് തിന്നാൻ കൊള്ളുക. ഈ കിഴവിയെ എന്തിനുകൊള്ളും? കുഞ്ഞിനു മയവും സ്വാദും കൂട്ടം. കാക്കപറഞ്ഞു.

"നിന്നെ ഞാൻ വേണമെങ്കിൽ വിട്ടുതരാം. പക്ഷേ നിന്റെ കുഞ്ഞിനെ എനിക്കു വിട്ടുതരണം."

കുരുവി സമ്മതിച്ചു. അവൾ പറഞ്ഞു:—

"എന്റെ മകൾ അങ്ങകലെ ഒരു മലയുടെ അപ്പുറത്ത് ഒരു മരത്തിന്റെ കൊമ്പത്താണ് താമസിക്കുന്നതു്. ഏഴുദിവസത്തെ ഇട തരണം"

"തരാം." കാക്ക സമ്മതിച്ചു. അവൾ കുരുവിയെ വിട്ടുകയും ചെയ്തു.

ഏഴാം ദിവസമായി; കാക്ക കുരുവിയുടെ കൂട്ടിലെത്തി. കുഞ്ഞിനെ തരാൻ പറഞ്ഞു. അപ്പോൾ കുരുവി പറഞ്ഞതിങ്ങനെയാണ്:—

"എന്റെകുഞ്ഞിനെ തരാനൊന്നുമെനിക്കു വിരോധമില്ല. ഞാൻ പറഞ്ഞതല്ലേ? പക്ഷേ ഒരു കാര്യം. നീ വഴിക്കുകണ്ടവൃത്തികേടുകളെല്ലാം കൊത്തിക്കൊണ്ടാണു വരുന്നതു്. നിന്റെ കൊക്കുകണ്ടാൽ ഓക്കാനം വരും. എന്റെ കുഞ്ഞിനാണെങ്കിൽ നല്ല വൃത്തിയും വെടിപ്പുമുണ്ടു്. സ്വാദും കൂടുതൽകാണും. അതുകൊണ്ടു് നിന്റെ കൊക്ക് ഒന്നു നന്നായി കഴുകാതെ ഞാൻ എന്റെ കുഞ്ഞിനെത്തരില്ല. എന്റെ മുമ്പിൽവച്ചുതന്നെ കഴുകുകയും വേണം."

കാക്ക സമ്മതിച്ചു. വെള്ളവും കൊണ്ടു് ഉടൻ തിരിച്ചുവരാമെന്നും പറഞ്ഞു പറക്കുകയും ചെയ്തു. കാക്ക ഒരു പുഴക്കരയിലെത്തി വെള്ളത്തിനെ വിളിച്ചു!

"നീരേ, നീരേ, വാ ചാരേ
നീയെൻ കൊക്കുകൾ കഴുകിക്കാൻ
കുഞ്ഞിക്കുരുവിയെയിരയാക്കാൻ"

ISLAM HIGH SCHOOL Date............

വെള്ളം മറുപടി പറഞ്ഞു!

"ഞാനെങ്ങനെ നിൻെറ ക്രൂടെ വരും? പോയി ഒരു കുടം കൊണ്ടുവരണം."

"ശരി" കാക്കപറന്നുചെന്നു് ഒരു കുടത്തിനടുത്തെത്തി അപേക്ഷിച്ചു.

"കുടമേ, കുടമേ, ക്രൂടേ വാ
വെള്ളം കോരിക്കൊണ്ടുവരാൻ,
എന്നുടെ കൊക്കുകഠം കഴുകിക്കാൻ,
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

കുടം പോവാൻ തയ്യാറാണു്. പക്ഷെ അതിൻെറ പള്ളയ്ക്കൊരു ദ്വാരമുണ്ടു്. അതടയ്ക്കാൻ കുറച്ചു മണ്ണുവേണം. അതുകൊണ്ടുവന്നാൽ താൻ വരാൻ തയ്യാറാണെന്നു കുടമറിയിച്ചു.

"ശരി;" കാക്കമണ്ണിനടുത്തെത്തി വിളിച്ചു.

"മണ്ണേ, മണ്ണേ, വാ പൊന്നേ,
മൺകുടമോട്ടയടച്ചിടുവാൻ'
വെള്ളം കോരിക്കൊണ്ടുവരാൻ,
എന്നുടെ കൊക്കുകഠം കഴുകിക്കാൻ,
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

മണ്ണു പറഞ്ഞു:—

"ഞാൻ വരാൻ തയ്യാറാണു്. പക്ഷെ എന്നെയൊന്നു ചവിട്ടിച്ചെളിയാക്കണം. അതിനൊരു കാളയെ കൊണ്ടുവരണം."

"ശരി." കാക്കപറന്നു കാളയുടെ അടുത്തെത്തി അപേക്ഷിച്ചു.

"കാളേ, കാളേ, വാ, ചാലേ
മണ്ണുചവിട്ടിച്ചെളിയാക്കാൻ,
മൺകുടമോട്ടയടച്ചീടാൻ
വെള്ളം കോരിക്കൊണ്ടുവരാൻ,
എന്നുടെ കൊക്കുകഠം കഴുകിക്കാൻ,
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

കാള പറഞ്ഞു: "വരുന്നതു് എനിക്കു സന്തോഷം തന്നെ. പക്ഷേ എനിക്കു് വല്ലാതെ വിശക്കുന്നു. കുറച്ചു പുല്ലുതിന്നു വിശപ്പടക്കിയിട്ടുവേണം വരാൻ. ഒരുകെട്ടു പുല്ലെങ്കിലും ഉടനെകൊണ്ടുവരണം."

കാക്ക ഉടനെ പുല്ലിന്നടുത്തു പറന്നെത്തി അപേക്ഷിച്ചു:—

"പുല്ലേ, പുല്ലേ, നീവരുമോ
കാളയ്ക്കുള്ള വിശപ്പാററാൻ,
മണ്ണു ചവിട്ടിച്ചെളിയാക്കാൻ,
മൺകുടമോട്ടയടച്ചീടാൻ,
വെള്ളം കോരിക്കൊണ്ടുവരാൻ,
എന്നുടെകൊക്കുകൾ കഴുകിക്കാൻ
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

പുല്ലുപറഞ്ഞു:

"എനിക്കുവരാൻ സന്തോഷമേയുള്ളു. പക്ഷേ ആ കാള പെരും വയറനാണു്. ഞങ്ങൾ കുറേയേറെ വേണ്ടിവരും. അതു കൊണ്ടു് നീയൊരു കാര്യം ചെയ്യണം. കുറച്ചധികം നിലമുണ്ടാക്കിത്തരണം. ഞങ്ങളവിടെക്കിടന്നു പടൎന്നു പിടിച്ചു് വളൎന്നു കൊള്ളാം."

"ശരി" കാക്കവീണ്ടും പറന്നു. നിലത്തിനെ വിളിച്ചുപറഞ്ഞു:

"നിലമേ, നിലമേ, നീ വരുമോ
പുല്ലുവളൎന്നു തഴച്ചീടാൻ,
കാളയ്ക്കാളും പശിമാററാൻ,
മണ്ണുചവിട്ടിച്ചെളിയാക്കാൻ,
മൺകുടമോട്ടയടച്ചീടാൻ,
വെള്ളം കോരിക്കൊണ്ടുവരാൻ'
എന്നുടെ കൊക്കുകൾ കഴുകിക്കാൻ,
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

"ഞാൻ വരാമല്ലോ" നിലം വളരെ സന്തോഷത്തോടുകൂടി പറഞ്ഞു. "പക്ഷേ ഒരു കാര്യം. എൻെറ ദേഹമാസകലം കാടുവന്നു മൂടിയിരിക്കുന്നു. ഇവിടെ എങ്ങനെ പുല്ലുമുളയ്ക്കും? ഈ കാടുമുഴുവനും ചുട്ടുകളയണം. അതിനു കുറച്ചു തീകൊണ്ടുവരണം."

കാക്ക വീണ്ടും പറന്നു. തീയുടെ അടുത്തുചെന്ന് അപേക്ഷിച്ചു.

"തീയേ, തീയേ, കൂടെവരു
കാടുകൾ ചുട്ടു കരിച്ചീടാൻ,
പുല്ലുവളന്നു തഴച്ചീടാൻ,
കാളയ്ക്കുള്ള വിശപ്പാററാൻ,
മണ്ണു ചവിട്ടിച്ചെളിയാക്കാൻ,
മൺകുടമോട്ടയടച്ചിടുവാൻ,
വെള്ളം കോരിക്കൊണ്ടുവരാൻ,
എന്നുടെ കൊക്കുകൾ കഴുകിക്കാൻ,
കുഞ്ഞിക്കുരുവിയെയിരയാക്കാൻ."

തീയും സമ്മതിച്ചു. കാക്കവേഗം ഒരു കനൽക്കട്ട കൊത്തിയെടുത്ത് കാടിനുനേർക്ക് പറന്നു. കാട്ടിലെത്തുന്നതിനു മുൻപ് കൊക്കു രണ്ടും കത്തിക്കരിഞ്ഞു. കൊക്കില്ലാത്ത കാക്ക എങ്ങനെ കുരുവിയെ കൊത്തിത്തിന്നും? ഒരു വഴിയുമില്ല. കാക്കനിരാശപ്പെട്ട് സ്വന്തം വീട്ടിൽത്തന്നെ ചെന്നിരുന്നു. കൂട്ടുകാർ ചോദിച്ചു:—

"കാക്കേ, കാക്കേ, കൊക്കെവിടെ?"

5. മുയലും മുക്കടപ്പും

സിംഹത്തിനു കാട്ടുമുഴുവൻ ഭരിക്കാൻ സാദ്ധ്യമല്ല. അയാൾ തന്റെ സാമ്രാജ്യത്തിൽ മൂന്നു മന്ത്രിമാരെ നിയമിച്ചു.

കരടി, കുരങ്ങൻ, മുയൽ.

മൂന്നുപേരും കാടാകെ ചുററിനടന്നു് നീതിയോടുകൂടി ഭരണംനടത്തി. എല്ലാവൎക്കും ഇരകിട്ടി; എല്ലാവരും തൃപ്തിപ്പെട്ടു.

പക്ഷേ, സിംഹത്തിനു് ഇഷ്ടംപോലെ ഇരകിട്ടുന്നില്ല. തന്റെ മന്ത്രിമാരുടെ നിയന്ത്രണം അയാളിഷ്ടപ്പെട്ടില്ല.

ഒരുദിവസം അയാൾ മൂന്നുപേരെയും കൊന്നുതിന്നാൻ തീരുമാനിച്ചു. പക്ഷേ ഒരു കാരണവുമില്ലാതെ അങ്ങനെ പിടിച്ചു തിന്നാൻ വയ്യല്ലോ. അയാൾ രാജാവല്ലേ? ചെയ്യുന്നതിനെല്ലാം ഒരു നെറിയും നീതിയും വേണമല്ലോ. സ്വന്തം പ്രവൃത്തിക്കു് അയാൾ നീതിയുടെ നിറംകൊടുക്കാൻ തീൎച്ചയാക്കി.

സിംഹം മൂന്നു മന്ത്രിമാരേയും വിളിച്ചുവരുത്തിപ്പറഞ്ഞു:—

"നിങ്ങളെ ഞാൻ മന്ത്രിമാരായി നിയമിച്ചിട്ടു് കുറച്ചുനാളായല്ലോ. നിങ്ങൾക്കു് അധികാരം മൂത്തപോലെ തോന്നുന്നു. അഹങ്കാരം വൎദ്ധിച്ചതായിത്തോന്നുന്നു. എനിക്കൊന്നു പരിശോധിക്കണം."

സിംഹം വാപൊളിച്ചു കരടിയോടു ചോദിച്ചു:—

"നിങ്ങളുടെ രാജാവിന്റെ വായിൽനിന്നു് എന്തു മണമാണു് വരുന്നതു്?"

സിംഹം പച്ചമാംസം തിന്നുന്നവനാണു്. അയാളുടെ വായു് വല്ലാതെ നാറിയിരുന്നു. കള്ളംപറയാത്ത കരടി പറഞ്ഞു:—

"പ്രഭോ, വല്ലാത്തൊരു ചീത്ത നാററം!"

സിംഹം കലികൊണ്ടലറി. "എടാ, നീ നിൻെറ ചക്രവത്തിയെ അപമാനിച്ചിരിക്കുന്നു. നിന്നെ ഇനി വച്ചുപുലത്തിക്കൂടാ. രാജദ്രോഹി, നിന്നെ ഞാൻ കൊല്ലും! നിന്നെ ഞാൻ തിന്നും!"

സിംഹം കരടിയെ കൊന്നുതിന്നു.

കുറച്ചുകഴിഞ്ഞു് കുരങ്ങിനോടു ചോദിച്ചു:—

"നിങ്ങളുടെ രാജാവിൻെറ വായിൽനിന്നു് എന്തു മണമാണു് വരുന്നതു്?"

സിംഹം വാ പൊളിച്ചു. വല്ലാത്ത നാററം! എങ്കിലും കുരങ്ങു് അതു പറഞ്ഞില്ല.

"പ്രഭോ, അവിടുത്തെ വായ്ക്കു് എന്തൊരു വാസനയാണു്. നല്ല മുല്ലപ്പൂവിൻെറ മണം! എൻെറ മൂക്കു് അവിടുത്തെ വായിൽനിന്നെടുക്കാൻ തോന്നുന്നില്ല."

കുരങ്ങൻ പ്രാണരക്ഷയ്ക്കുവേണ്ടി അങ്ങനെ തട്ടിവിട്ടു!

"എടാ, നീ മുഖസ്തുതിക്കാരനാണു്. എൻെറ വായു് നാറുമെന്നു് എല്ലാവക്കുമറിയാം. നീ കള്ളംപറയുന്നു. ഇത്തരക്കാർ എൻെറ രാജ്യം ഭരിക്കേണ്ട. നിന്നെ ഞാൻ കൊല്ലും; നിന്നെ ഞാൻ തിന്നും."

സിംഹം ഒററയടിക്കു് കുരങ്ങിനേയും കൊന്നു വയററിലാക്കി.

അല്പംകഴിഞ്ഞു് അയാം മുയലിനെ വിളിച്ചുചോദിച്ചു:—

"നിങ്ങളുടെ രാജാവിൻെറ വായിൽനിന്നു് എന്തു മണമാണു് വരുന്നതു്?"

മുയൽ പറഞ്ഞു:

"പ്രഭോ, അവിടത്തോടു് ഇതുണത്തിക്കുന്നതിനു് എനിക്കു് അല്പം വിഷമമുണ്ടു്. ഒരാഴ്ചയായി എനിക്കു ജലദോഷമാണു്.

എന്റെ മൂക്ക് അടഞ്ഞിരിക്കുന്നു. എനിക്കു മണമറിയില്ല. രണ്ടുദിവസം കഴിഞ്ഞു് സുഖപ്പെട്ടാൽ ഞാൻ വന്നു്ണത്തിച്ചു കൊള്ളാം. അതിനു ദയവായി അനുവദിക്കണം."

സിംഹം അതു സമ്മതിച്ചു. മുയൽ അന്നു പോയതാണു്. പിന്നെ അയാളുടെ മൂക്കടപ്പു് മാറിയിട്ടില്ല. ഇന്നും മൂക്കുചീററി ക്കൊണ്ടാണു് അയാൾ നടക്കുന്നതു്.

6. പെരുമഴച്ചെകുത്താൻ

ഒരു കാലിത്തൊഴുത്തു്; അതിനു തൊട്ടൊരു കുടിൽ. ആ കുടിലിൽ ഒരു കാവൽക്കാരനങ്ങനെ കൂനിക്കൂടിയിരിക്കുക യാണു്.

മഴക്കാലമാണു്; കെട്ടിമേഞ്ഞിട്ടില്ല. അവിടവിടെ ദ്വാര ങ്ങളുണ്ടു്. മഴപെയ്താൽ മുഴുവനും ചോരും.

അവൻ ഇരുന്ന ഇരിപ്പിൽ പിറുപിറുത്തു.

"കള്ളൻവന്നാൽ അവനെ അടിച്ചോടിക്കാം; പുലിവന്നാ ൽ വെടിവെയ്ക്കാം. പക്ഷേ പെരുമഴവന്നാൽ ഒരു ഗതിയുമില്ല. പുലർച്ചയ്ക്കു ഇവിടെഎന്റെ ശവം മാത്രമേ ബാക്കിയുണ്ടാവു."

ആ സമയത്തു് വാസ്തവത്തിൽ ഒരു കള്ളൻ മോന്തായ ത്തിലിരുന്നിരുന്നു. ഒരു പുലി ഉമ്മറത്തിണ്ണയ്ക്കു താഴെയും. അവരി രുവരും കാവൽക്കാരനുറങ്ങുന്നതും നോക്കിയിരിപ്പാണു്. ഉറങ്ങി യിട്ടുവേണം അവക്ക് കാലികളെപ്പിടിച്ചുകൊണ്ടു പോവാൻ. പുലി താഴത്തിരിപ്പുണ്ടെന്നു കള്ളനറിഞ്ഞില്ല. കള്ളൻ മോന്താ യത്തിലിരിപ്പുണ്ടെന്നു പുലിയുമറിഞ്ഞില്ല. പെരുമഴ ഏതോ ഒരു വലിയ ചെകുത്താനാണെന്നാണു് കള്ളനും പുലിയും കരുതി യതു്. 'അവരിരുവരും കാവൽക്കാരനെ ഭയപ്പെടുന്നു! അയാൾ കൂടി ഭയപ്പെടുന്ന പെരുമഴ എന്തുതരം ചെകുത്താനായിരിക്കാ

ണം. വല്ലാത്തൊരു ചെകുത്താനായിരിക്കും അതു്!' ഇരുവക്കും അവിടെ ഉറച്ചിരിക്കാനും എണീററ് ഓടാനും വയ്യ. അവിടെ ത്തന്നെ അവർ തരിച്ചിരിപ്പായി.

പെട്ടെന്നൊരു ഇടിയും മിന്നലും! ചെകുത്താൻ നേരെ തലയിലേ യ്ക്കുതന്നെ! കള്ളൻ മേൽപ്പുരമേൽ ഇരുന്നിടത്തിരുന്നു് ഒരുഞെട്ട ൽ! പിന്നെ ബോധമില്ല. ഉരുണ്ടുപിടച്ചു് 'ബ്ധിം!' എന്നുതാഴ ത്തു്! വീണതോ? പേടിച്ചു തരിച്ചുനിൽക്കുന്ന പുലിയുടെ മുതുക ത്തും! പുലി ഞെട്ടിത്തെറിച്ചു.

ഇരുവക്കും ശബ്ദം പൊങ്ങുന്നില്ല. അവർ തമ്മിൽത്തമ്മി ൽ പിടിയും വലിയുമായി. രണ്ടുപേരും ആ ഇരുട്ടത്തു് എന്തോ ഒരു രൂപം കാണുന്നുണ്ടു്. പുലിക്കുതോന്നി; പെരുമഴച്ചെകുത്താൻ ഏതാണ്ടൊക്കെ മനുഷ്യനേപ്പോലിരിക്കുന്നു. ചുമലിന്മേലെ ഒരു രുണ്ട മണ്ട; രണ്ടുകാല്പു് നിലത്തു് ഊന്നിനില്ക്കുന്നു. രണ്ടുകൈ ചു മലിൽ തൂങ്ങിക്കിടക്കുന്നു! മരം പോലെ മാനത്തേയ്ക്കു നീണ്ടഇരു ചെകുത്താൻ ഏതാണ്ടൊക്കെ മനുഷ്യനേപ്പോലെതന്നെ! വല്ലാ ത്തൊരുകരുത്തൻ! എന്തൊരുശക്തിയാണു് ഇവൻെറ ഇടിക്കു്! എൻറമ്മോ, ഞാൻ ചത്തു!

കള്ളനും തോന്നി; വല്ലാത്തൊരു ചെകുത്താൻ! എന്തൊരു ശക്തിയാണു് ഇവനു്! ഒരു നാല്ക്കാലിയേപ്പോലിരിക്കുന്നു! പുലി മാന്തും പോലെയാണു് ഇവൻ മാന്തുന്നതു്. എല്ലും ഇറച്ചിയും വേറാകുന്നു.

രണ്ടുപേരും പിടിവിട്ടില്ല. അവസാനം കള്ളൻ പുലിയുടെ മുതുകത്തു കയറി. പുലിക്കു് ഇനി രക്ഷയില്ല. പെരുമഴച്ചെകു ത്താൻ, തന്നെ കീഴടക്കിയിരിക്കുന്നു.

പുലി ഓടിത്തുടങ്ങി. ഇടവഴി കടന്നു; പാടം കടന്നു, മേ കടന്നു. ഒരു കാട്ടിലെത്തി.

നേരം പുലൎന്നു കാണാറായിത്തുടങ്ങി. കള്ളനു കള്ളിവെളി ച്ചത്തായി. താനിരിക്കുന്നതു് ഒരു പുലിയുടെ പുറത്താണു്. അവ നിപ്പോൾ ചെകുത്താന്റെ പേടിയില്ല; ശരിക്കുള്ള പേടിയേയുള്ളു.

എന്തുവേണം? താഴത്തിറങ്ങിയാൽ അവന്റെ കഥ കഴി യും. ഇറങ്ങിയില്ലെങ്കിലോ, പുലിക്കൂട്ടത്തിലെത്തിയാൽ അവനെ അവററ കാൎന്നു പങ്കുവയ്ക്കും. വല്ല പുഴക്കരയിലുമെത്തട്ടെ ഒരു ചാട്ടം കൊടുക്കാം.

പുലി, വാണം വിട്ടപോലെ പായുകയാണു്.

വഴിക്കൊരു മരം കണ്ടു; ഒരു പട്ടക്കൂററൻ മരം! അതു മുഴ വനും പൂതലിച്ചു പോടായിരിക്കുന്നു. കള്ളൻ മരത്തിന്മേലോട്ടു് ഒരു ചാട്ടം! അവൻ അതിനുള്ളിൽ ഒളിച്ചിരിപ്പായി.

പുലി ജീവൻ നെറുകയിൽത്തിരുകിപ്പായുകയാണു്. വഴി ക്കൊരു കുരങ്ങിനെകണ്ടു. അയാൾ ചോദിച്ചു.

"എടോ പുലിക്കുഞ്ഞേ, താനെന്തെടോ ഇങ്ങനെ കണ്ണും തു റിച്ചുപായുന്നതു്?"

പുലി അവിടെ നിന്നു. ശ്വാസം ശരിപ്പെടുത്തി, കൈകൊ ണ്ടു് മുഖം തുടച്ചു്, ഉറക്കെ വിളിച്ചുപറഞ്ഞു:

"പെരുമഴച്ചെകുത്താൻ! പെരുമഴച്ചെകുത്താൻ!"

"എന്തു ചെകുത്താൻ?"

"പെരുമഴച്ചെകുത്താൻ!"

"എവിടെയാണെടോ അവൻ?"

"എന്റെ പുറത്തുണ്ടായിരുന്നു, അതാ, അവിടെ ഒരു മര ത്തിന്മേൽ കയറി ഇരിപ്പുണ്ടു്."

"ഭയപ്പെടാതിരിക്കുഞ്ഞേ, പെരുമഴച്ചെകുത്താൻ എന്നൊരു ചെകുത്താനില്ല. ഞാനറിയാത്ത ചെകുത്താനൊന്നും ഈ കാട്ടിലില്ലെടോ! ഞാനൊന്നു ചോദിക്കട്ടെ കുഞ്ഞേ, കുഞ്ഞുകണ്ട ചെകുത്താനെന്താ നിറം?"

"നിറം കാണാനൊത്തില്ല."

"കാക്കയുടെ നിറമാ?"

"ങാ."

"പച്ചനിറമാ?"

"ങാ..."

"കാലെത്രയുണ്ട്?"

"രണ്ട്."

"ഥൂ! അതു് ചെകുത്താനാകില്ലെടോ; ചെകുത്താനു് ഒററക്കാലേ ഉണ്ടാകൂ."

"എന്നാൽ പെരുമഴച്ചെകുത്താനു് രണ്ടുകാലുണ്ട്. എൻെറ പള്ളയ്ക്കാണു് അവ തൂങ്ങിക്കിടന്നിരുന്നതു്. അയ്യഞ്ചുവിരലുകളുള്ള രണ്ടു കാൽ."

"കുഞ്ഞേ, അതു ചെകുത്താനാകില്ലെടോ."

"എന്നാൽ വാ കുരങ്ങച്ചാ, ഞാൻ കാട്ടിത്തരാം."

ഇരുവരും ആ മരത്തിനടുത്തെത്തി. ആരെയും കാണാനില്ല. ചുററുപാടും നടന്നുമണത്തുനോക്കി. കുരങ്ങച്ചൻ പറഞ്ഞു:

"ഉണ്ടു് കുഞ്ഞേ, ഇതിൽ എന്തോ ഒന്നുണ്ട്."

"എന്തോ ഒന്നല്ല; പെരുമഴച്ചെകുത്താൻതന്നെ." കുരങ്ങച്ചനും ശകലം ഇളക്കം തുടങ്ങി. അയാൾ പറഞ്ഞു.

"നമുക്കിവിടെ ഇരിക്കാം; അവൻ വിശപ്പുതുടങ്ങിയാൽ പുറത്തുവരും."

ഇരുവരും ആ മരം ചാരി ഇരിപ്പായി.

അവർ ഇരിക്കുന്നതിനു നേരെ രണ്ടു ദ്വാരമുണ്ട്. കള്ളൻ അതിലൂടെ രണ്ടു കയ്യും പുറത്തിട്ടു. ഒരു കൈകൊണ്ടു കുരങ്ങൻെറ വാൽ പിടിച്ചൊരു വലി; മറേറ കൈകൊണ്ടുപുലിയുടെ നടും പുറത്തു് ഒരിടിയും. രണ്ടും ഒപ്പം കഴിഞ്ഞു.

"ഹയ്യോ ഞാൻ ചത്തേ! ഞങ്ങളു ചത്തേ!"

പുലി ഒരോട്ടം; കുരങ്ങച്ചൻ ഒരു ചാട്ടം! കുറേ ദൂരമെത്തിയപ്പോൾ അവരൊന്നു തടവിനോക്കി. പുലിയുടെ മുതുകെല്ലു്തകന്നിരിക്കുന്നു! കുരങ്ങച്ചൻെറ വാൽ കടയോടെ മുറിഞ്ഞിരിക്കുന്നു!

"ഹയ്യോ! ഞാൻ ചത്തേ! ഞങ്ങള ചത്തേ!" ഇരുവരുംപറ പറകകയാണു്.

വഴിക്കു് ഒരു മുയൽ ചാടിവീണു. അയാൾ ചോദിച്ചു:
"എന്തുപററി കുരങ്ങച്ചാ, എന്തുപററി?"

"ഹയ്യോ! ഞാൻചത്തേ! ഞങ്ങള ചത്തേ!"

"കാൎയ്യം പറയെടാ കുരങ്ങച്ചാ, എന്തുപററി?"

"അതാ ആ മരത്തിനുള്ളിൽ ഒരു വാലു പിടുങ്ങി—മുതുതകൎപ്പൻ—പെരുമഴച്ചെകുത്താനിരിപ്പുണ്ടു്. അവൻ ഞങ്ങളെക്കൊന്നേ അമ്മേ! ഞാൻ ചത്തേ ഞങ്ങളു് ചത്തേ!"

"എന്തുചെകുത്താൻ?"

ഒരു വാലു പിടുങ്ങി മുതുതകപ്പൻ പെരുമഴച്ചെകുത്താൻ."

"അങ്ങനെയൊരു ചെകുത്താനില്ലകൂട്ടരേ"എന്നായി മുയൽ.

"ഉണ്ടമ്മാവാ ഇതാ ഈ വാലുനോക്കു്"

കുരങ്ങച്ചൻ കാട്ടിക്കൊടുത്തു.

എല്ലൊന്നുമിനി ബാക്കി ഇല്ലമ്മാവാ. എൻെറ പുറമൊന്നു പിടിച്ചുനോക്കു്!" പുലിമുയലിനു നിന്നുകൊടുത്തു.

മുയൽ തൊട്ടുനോക്കി. പരിക്കുകാൎയ്യമായുണ്ടു്. ഇതാരെടാ ഈ പെരുമഴച്ചെകുത്താൻ!

"വാ, അമ്മാവാ, ഞങ്ങൾ കാട്ടിത്തരാം."

മൂന്നുപേരും മരത്തിനടുത്തെത്തി. കള്ളൻ അതിനു മുമ്പു തന്നെ പുറത്തുകടന്നു് മരത്തിൻെറ നെറുകയിലെത്തി ചുററുപാടും നോക്കുകയാണു്. എങ്ങാനും വല്ല പുകയോ വീടോ കാണുന്നുണ്ടോ!

പെട്ടെന്നു താഴെനിന്നൊരു ശബ്ദം! അവൻ നോക്കി. അയ്യോ! പുലിതന്നെപ്പിടിച്ചുതിന്നാൻ കൂട്ടരുമൊത്തു തിരഞ്ഞുവന്നിരിക്കുന്നു!

കള്ളനു കയ്യും കാലും കുഴഞ്ഞു. 'ചടപടധീം' അവൻ അവരുടെ ദേഹത്തു് മലന്നടിച്ചു വീണു. ഉടനെ എണീററു് ഒരോട്ടവും.!

മൂന്നുപേരും ഞെട്ടിത്തെറിച്ചു. അവർ തലയ്ക്കു കൈവച്ചു് ആർത്തു നിലവിളിച്ചു.

"അയ്യയ്യോ! ഞാൻ ചത്തേ! ഞങ്ങളു് ചത്തേ! വാല്യപിടുങ്ങി—മുതുതകപ്പൻ—മേത്തു ചാടി—പ്പെരുമഴച്ചെകുത്താൻ ഇതാപോയി, അതാപോയി!"

7. മലങ്കാടന്റെ കത്തി

ഒരു തോണിമുതലാളിയുണ്ടായിരുന്നു. അയാൾ ഒരു തട്ടിപ്പുകാരനായിരുന്നു. തോണി പുഴയിലിറക്കുമ്പോൾ തൊഴിലാളികളോടു പറയും, 'കൂലിയെല്ലാം മടങ്ങിവന്നു തരാ'മെന്നു്. വന്നുകഴിഞ്ഞാൽ ചില കള്ളക്കണക്കുകാണിക്കും; തട്ടിപ്പു പറയും. അങ്ങനെ ഒരു പൈസപോലും അവക്കു് കൊടുക്കാതെ കഴിക്കും. ചോറു മൂക്കററമടിച്ചുവിടാം; മുതിരപ്പുഴുക്കും. പാവങ്ങളായതുകൊണ്ടു് അവരെല്ലാം അതുകൊണ്ടു് തൃപ്തിപ്പെട്ടിരുന്നു.

തൊഴിലാളികളുടെ കൂട്ടത്തിൽ ഒരുവൻ വന്നുചേർന്നു; ഒരു മലങ്കാടൻ. അവൻ മഹാപാവമാണെന്നെല്ലാവരും കരുതി. അവൻ ആരോടും ഒന്നും സംസാരിക്കില്ല. ആരുമായി ഇണങ്ങിച്ചേരുകയുമില്ല. അതുകാരണം അവനോടാരും മുതലാളിയുടെ തട്ടിപ്പിനെപ്പററി പറഞ്ഞതുമില്ല.

പുഴയിലൂടെ കുറേദൂരം താഴോട്ടുപോയാൽ ഒരു ഗ്രാമമുണ്ടു്. മുതലാളിയുടെ വ്യാപാരം ആ ഗ്രാമവുമായിട്ടാണു്. തന്റെ തോണികളും തൊഴിലാളികളുമൊത്തു മുതലാളി ആ ഗ്രാമത്തിലെത്തി. മലങ്കാടനെ അയാൾ അവിടെവച്ചേ കണ്ടുള്ളു. അയാൾക്കൊരു ഉപായം തോന്നി. അയാൾ പറഞ്ഞു:

"താനെന്തൊരു വങ്കനാണ്! തനിക്കു വല്ല വ്യാപാരവും ചെയ്തുകൂടെ? തൻെറ നാട്ടിൽ പൂവൻകോഴിയുടെ വിലയെന്തെന്നറിയാമോ? രണ്ടുറുപ്പിക! ഇവിടങ്ങളിൽ അതിന് അമ്പതു പൈസയാണ്. കുറച്ചുവാങ്ങിക്കൊണ്ടു പോയി കച്ചവടം നടത്തിയാൽ നല്ല ആദായം കിട്ടും."

അതു ശരിയാണെന്നുതന്നെ മലങ്കാടൻ കരുതി. തൻെറ മുതലാളി നല്ലവനാണ്. ആ ഉപദേശം അവൻ സ്വീകരിച്ചു. അവൻ രണ്ടു കോഴികളെ വാങ്ങി.

ചരക്കുകയററി മടക്കമായി. കോഴിയുടെ തീററയ്ക്ക് പ്രത്യേകമായൊന്നും അവൻ കരുതിയിരുന്നില്ല. അവക്കുള്ള ചോററിൽ നിന്ന് ഒരുപിടി വറെറടുത്തുകൊടുക്കും. അവരങ്ങനെ പുറപ്പെട്ട സ്ഥലത്തുതന്നെ മടങ്ങിയെത്തി.

മുതലാളിഓരോരുത്തനെയും വിളിച്ച് കണക്കുപറഞ്ഞു പിരിച്ചുവിട്ടു. കൂട്ടലും കിഴിക്കലും (കുറയ്ക്കലും) പെരുക്കലും (ഗുണിക്കുക) ഹരിക്കലും എല്ലാം കഴിഞ്ഞാൽ കിട്ടുന്ന തുക എല്ലാവക്കും ശരിതന്നെ!

അവരെല്ലാം വെറുംകയ്യുമായി മടങ്ങി. അവസാനം മലങ്കാടൻെറ കണക്കെടുത്തു. അവൻെറ പററ് കൂലിയേക്കാൾ കൂടുതലാണ്. നാലുറുപ്പിക അവൻ മുതലാളിക്കു കൊടുക്കാനാണുള്ളതു്. മുതലാളി പറഞ്ഞു:—

"നിൻെറ പററു കുറെ കൂടുതലാണ്; നാലുറുപ്പിക ഇങ്ങോട്ടു തരണം. എന്നാൽ കണക്കെല്ലാം തീരും."

"ഉം! എന്തിനാണതു്?"

"കോഴിക്കു തീററകൊടുത്തതു് പിന്നെവിടുന്നാ?"

"അതു ഞങ്ങളുടെ ഭക്ഷണത്തിൽനിന്നു്!"

"ആരാണ് ആ ഭക്ഷണം തരുന്നതു്?"

"മുതലാളി."

"അപ്പോൾ അതു മുതലാളിചെലവാക്കിയതല്ലേ? അതു് അയാൾക്കു തീർത്തുകൊടുക്കേണ്ടേ?"

...VI ISLAM HIGH SCHOOL
Date..........

അതിന്ന് അവൻെറ കയ്യിൽ പണമില്ല. അവസാനം അവന്ന് ആ രണ്ടു കോഴികളേയും മുതലാളിക്കു കൊടുക്കേണ്ടിവന്നു.

അവൻ വെറുംകയ്യുമായി കൂട്ടുകാരുടെ കൂട്ടത്തിലെത്തി. അവരെല്ലാം അവനെ കൈകൊട്ടിക്കളിയാക്കി. ഒരുവൻ ചോദിച്ചു:—

"മലങ്കാടൻ ചേട്ടാ, കോഴിയെ കൊടുക്കാനുണ്ടോ?"

"കോഴികളെ മുതലാളിക്കു കൊടുത്തു." ഒരു ശ്രുഭഗതിക്കാരനെപ്പോലെ അവൻ പറഞ്ഞു:—

ഒരുത്തൻ കുറുക്കൻ കരഞ്ഞു; ഒരുത്തൻ കോഴിക്കൂവി; ഒരുത്തൻ കടുവ മുരണ്ടു; ഒരുത്തൻ മുക്രയിട്ടു. മലങ്കാടൻ ഒരു പൊട്ടനെപ്പോലെ എല്ലാം കേട്ടങ്ങനെ നടന്നു.

അവൻ വീട്ടിലെത്തി. ഉടനെ ഒരേതരത്തിലുള്ള രണ്ടു കത്തിയുണ്ടാക്കി. അവനതു രണ്ടും ട്രൗസറിൻെറ പോക്കററിലിട്ടു. വീണ്ടും മുതലാളിയുടെ അടുത്തെത്തി.

തോണികളും തൊഴിലാളികളുമെല്ലാം വീണ്ടും യാത്രയ്ക്കൊരുങ്ങി നില്ക്കുകയാണ്. മലങ്കാടൻ ചോദിച്ചു:—

"ഞാനും പണിക്കു വരട്ടേ?"

മുതലാളി ആ ചോദ്യം കേൾക്കാൻ കൊതിച്ചുനില്ക്കുകയായിരുന്നു. ഉടനെ സമ്മതം നൽകി.

മലങ്കാടൻ കൂലിക്കാരുടെ കൂട്ടത്തിലേയ്ക്കു ചെന്നേയുള്ളു. ഒരാൾ പറഞ്ഞു:—

"നമുക്കിത്തവണ പത്തു കോഴിയെ വാങ്ങണം."

"ഓരോന്നും പത്തു മുട്ടവീതമിട്ടാൽ മുടക്കുമുതലായില്ലേ?" മറെറാരാൾ പിന്താങ്ങി.

"പിന്നെ, മുടക്കുമുതല് ലാഭമായി." അതു മൂന്നാമൻെറ വകയാണ്.

"കുറുക്കൻ പിടിച്ചാലോ?" നാലാമനൊരു സംശയം തൊടുത്തുവിട്ടു.

"അതൊന്നുമില്ല, മലങ്കാടൻ ചേട്ടാ, നമുക്കൊപ്പം കാത്തുകിടക്കാം." അഞ്ചാമൻ സമാധാനിപ്പിച്ചു. മലങ്കാടന് ഒരു കുലുക്കവുമില്ല. അവൻ പറഞ്ഞു:—

"ഇത്തവണ മുമ്പത്തെപ്പോലൊന്നുമാവില്ലെടോ. അച്ഛൻ എനിക്കൊരു കത്തി തന്നിട്ടുണ്ട്. അതു കയ്യിൽ കരുതിയാൽ മതി. ഒരു കഷ്ടവടത്തിലും നഷ്ടം വരില്ല."

അവൻ ട്രൗസറിൻെറ പോക്കററിൽനിന്ന് ഒരു കത്തി എടുത്തു് കാട്ടിക്കൊടുത്തു.

ഒരുത്തൻ തൊട്ടുനോക്കി.

"എടാ ഇതു ഞാഞ്ഞൂളിനെ മുറിച്ചാൽ മുറിയില്ലെടാ. നിൻെറ ഒരു കത്തി! ഫൂ!" അവൻകാക്കിച്ചു തുപ്പി.

"ഈ കത്തി എന്തിനാ ചേട്ടാ?"

"അതൊന്നുമെനിക്കറിയില്ല. ഇതൊരു വിശേഷപ്പെട്ട കത്തിയാ. ഇതു കയ്യിൽവെച്ചാൽ ഒന്നിലും നഷ്ടം വരില്ല!"

തോണി നീങ്ങിത്തുടങ്ങി. ചിലർ തുഴയുന്നു; ചിലർ പായ് വലിക്കുന്നു. പലരും പല പണിയിലും ഏർപ്പെട്ടിരിക്കുകയാണ്; എങ്കിലും എല്ലാവരും മലങ്കാടനെ കളിയാക്കുന്നുണ്ട്. എങ്കിലും അവനൊരു കുലുക്കവുമില്ല. അവസാനം അവരെല്ലാം തോററു മിണ്ടാതായി.

നേരം സന്ധ്യയായി. അവരൊരു കടവിലെത്തി. മലങ്കാടൻ തോണിയുടെ വക്കത്തിരുന്ന് കത്തിക്ക് മൂർച്ച കൂട്ടുകയാണ്. കൂട്ടുകാരെല്ലാം അടുത്തുപററിക്കൂടി.

"മലങ്കാടൻ ചേട്ടാ, ഇതിനെവിടെയാ മൂർച്ച? അലകിനോ പിടിയ്ക്കോ?"

"അലകിന്." ശ്രദ്ധഗതിയുള്ള ഉത്തരം.

"ഏതാ ഇതിൻെറ അലക്?"

"ഇതു്"

തൊട്ടുകാട്ടിക്കൊടുക്കുന്നതോടെ കത്തി വഴുതി വെള്ളത്തിൽവീണു. ചിലക്ക് സന്തോഷം! ചിലക്ക് അമ്പരപ്പ്! ചിലക്ക് സങ്കടം! പക്ഷേ മലങ്കാടനു് ഒരു പരിഭ്രമവുമില്ല. അയാൾ ഒരു ചങ്ങാതിയുടെ കയ്യിൽ നിന്നു് ഒരു പേനാക്കത്തിവാങ്ങി കത്തി വീണിടത്തിനു നേരെ വഞ്ചിപ്പള്ളയ്ക്കൊന്നു വരഞ്ഞടയാളപ്പെടുത്തി.

"എടോ പിരാന്താ, എന്തൊരു വങ്കത്തമാ ഇതു്.? ചാടി തപ്പിയെടുക്കെടോ"

ധൃതിപ്പെടാനൊന്നുമില്ല; കത്തി ഇനി എവിടേയ്ക്കും പോവില്ല. ഞാനതിനല്ലേ അടയാളപ്പെടുത്തിയതു്? ഇപ്പോൾ മുങ്ങിത്തപ്പാൻ വയ്യ. വല്ലാത്ത കുളിരു്! ഉച്ചതിരിഞ്ഞു് മുങ്ങിയെടുക്കാം."

എടോ മരമണ്ടാ കുറച്ചു കഴിഞ്ഞാൽ തോണിവിടുകയായി. തൻെറ കത്തി തോണിയോടുകൂടി പോരുമായിരിക്കും."

"അതൊന്നുമെനിക്കറിവില്ല. ഞാൻ വീണതിനു നേക്ക്വരഞ്ഞിട്ടുണ്ടു്. എപ്പോൾ വേണമെങ്കിലും എവിടെച്ചെന്നാലും മുങ്ങിയെടുക്കാം."

"ആനവങ്കൻ!! ഇവനോടു സംസാരിക്കാൻ നില്ക്കണനേരം നാലു 'നാരായണ' ജപിച്ചാൽ എത്രനന്നു്!"

അവരെല്ലാം അവനെ വിട്ടുമാറി.

മുതലാളി വിവരമെല്ലാമറിഞ്ഞു. അയാൾക്കുമുതലെടുക്കാൻ ഇതൊരുനല്ല അവസരമാണെന്നു തോന്നി. അയാൾ മലങ്കാടനെ വിളിച്ചു പറഞ്ഞു.

"എടോ, മലങ്കാടാ, നമുക്കൊരു പന്തയം വയ്ക്കാം. നാളെ സന്ധ്യയ്ക്കു നമ്മൾ കടവിലെത്തും. അവിടെച്ചെന്നു മുങ്ങിത്തപ്പി കത്തിയെടുത്താൽ ഈതോണികളും ചരക്കുമെല്ലാം തനിക്കു്! ഇല്ലെങ്കിലോ താനെൻെറ അടിമയാവണം. സമ്മതമാണോ?"

"ശരി; സമ്മതമാണു്!" ഒരു ഭാവഭേദവുമില്ലാതെ മലങ്കാടൻപറഞ്ഞു.

"പെരുമണ്ടൻ! മരമണ്ടൻ! അവവഷളൻ!" പലരും ആൎത്തുവിളിച്ചു.

പിറേറ ദിവസം സന്ധ്യയ്ക്കു് അവൻ കടവിലെത്തി. തോണിനിന്നു. മലങ്കാടൻ പറഞ്ഞപടി, വരച്ചവര നല്ലപോലെ നോക്കി. പുഴയിൽച്ചാടി വെള്ളത്തിനടിയിലെത്തി ട്രൗസറിൻെറ പോക്കററിൽനിന്നു് കത്തിയെടുത്തു നിവൎത്തിപ്പൊന്തിവന്നു!

മുതലാളി നടുങ്ങി. തൊഴിലാളികൾ ഒന്നാകെ ആശ്ചൎയ്യപ്പെട്ടു. ഒരുത്തൻ മുന്നിലേയ്ക്കു വന്നു പറഞ്ഞു.

"ഞാനപ്പോഴെപറഞ്ഞില്ലേ മലങ്കാടനെ അത്രയൊന്നും കളിയാക്കാനില്ലെന്നു്! അവൻ ആൺകുട്ട്യാ"

"അതെ; അവനോടു കളിക്കേണ്ട; അവൻ ഉശിരുള്ളോനാ."

"വല്ലാത്തൊരു കത്തി."

എന്തോ അതിലൊരു കള്ളത്തരമുണ്ടെന്നു് മുതലാളിക്കു തോന്നി. അയാൾ വാദിക്കാൻ നിന്നു. അപ്പോഴേക്കും തൊഴിലാളികളെല്ലാം മലങ്കാടൻെറ ഭാഗത്തുകൂടി. മുതലാളിക്കു രക്ഷയില്ല. അവസാനം തോണികളെല്ലാം മലങ്കാടനു വിട്ടുകൊടുത്തു. മുതലാളിയെ പിന്നെ ആ നാട്ടിൽ കണ്ടിട്ടില്ല.

8. പാമ്പു മുത്തപ്പൻെറ പന്തയം

പുലച്ച്യയ്ക്കു് എണീററപ്പോൾ പാമ്പുമുത്തപ്പനൊരു വല്ലായ്മ; അയാൾ മാളം വിട്ടു പുറത്തിറങ്ങി. പടം വിടൎത്തിനോക്കി. വിടരുന്നില്ല. പശയുണങ്ങിപ്പിടിച്ചപോലെ ആകെയൊരു പിടുത്തം. പപ്പടംപോലെ വിടൎന്നിരുന്ന ഒന്നാന്തരം പടം! നോക്കണം തീരെ വിടരുന്നില്ല.

എന്തുപററി? പാമ്പുമുത്തപ്പനാലോചിച്ചു. ഈ ലോകത്തിലെന്തെല്ലാം ജീവികളുണ്ടു്, അയാളുടെ ശത്രുക്കളായിട്ടു്; മൃഗങ്ങൾ, മനുഷ്യർ, പറവകൾ...അവററ വല്ല ക്രൂരോത്രങ്ങളും മാരണങ്ങളും ചെയ്തുകാണും.

പാമ്പുമുത്തപ്പൻ പള്ളിയ്ക്കലെത്തി വൈദ്യനെക്കണ്ടു; പനയ്ക്കലെത്തി വൈദ്യനെ കണ്ടു; കൈതയ്ക്കലെത്തി വൈദ്യനെ കണ്ടു.

മൂന്നുപേരും വിധിച്ചതു് ഒന്നുതന്നെ!

"കുതിരമാംസം തിന്നണം."

കാററുപോലെ പായുന്ന കുതിരയെ മുത്തപ്പനെങ്ങനെചെന്നുപിടിക്കും? കുതിര കുതനെ ഓടും; മുത്തപ്പനു് വല്ലാത്തെ ഓടാൻപററു; എന്തുചെയ്യും?

പാമ്പു മുത്തപ്പൻ അങ്ങനെ അവശനായി നടക്കുകയാണു്. അപ്പോഴുണ്ടു് ഒരു കുതിര വരുന്നു. അവൻ മുത്തപ്പനെ കവച്ചുവെച്ചു് ഒരോട്ടം. ഓടുമ്പോൾ അവൻ പുച്ഛിച്ചുപറഞ്ഞു.

"എടോ, ഞങ്ങളു് നിങ്ങളേപ്പോലെ ഇങ്ങനെ നാണമില്ലാതെ ഓടിച്ചാടി നടക്കുന്നവരല്ല. നമുക്കൊരു ഓട്ടപ്പന്തയംവയ്ക്കുക? അപ്പോൾ കാണാം ഞങ്ങൾക്കു് നടക്കാനും ഓടാനും കഴിവുണ്ടോ എന്നു്. നിങ്ങളെല്ലാം മണ്ണാങ്കട്ടപോലെ വീണിടത്തു കിടക്കും. ഞങ്ങളെല്ലാം റബ്ബറുപോലെ തെറിക്കും. കാണണോ മലവെള്ളംപോലെ കുതിച്ചു പായുന്നതു്."

കുതിരയ്ക്കു ഇതുകേട്ടപ്പോൾ വല്ലതെ ചിരിവന്നു. അവൻ: ചിരിച്ചു മണ്ണുകപ്പി.

പാമ്പു മുത്തപ്പനതു സഹിച്ചില്ല. അയാൾ ചൊടിച്ചുപറഞ്ഞു:

"താനിത്രയൊന്നും കളിയ്ക്കേണ്ടെടോ. തനിക്കത്ര വിശ്വാസമില്ലെങ്കിൽ നമുക്കു നാളെക്കാലത്തു് ഒരോട്ടപ്പന്തയം വെയ്ക്കാം!

"ശരി" കുതിര സമ്മതിച്ചു. അവർ പിരിഞ്ഞു.

രാത്രിയായി. പാമ്പു മുത്തപ്പനു പരിഭ്രമമായി. അയാൾവളരെ ചിന്തിച്ചു. ചിന്തിച്ചു ചിന്തിച്ചു് അവസാനം ഒരുപായം കണ്ടെത്തി.

അയാൾ പാമ്പളിയന്മാരെയെല്ലാം വിളിച്ചുവരുത്തി. അവരെല്ലാം ഒരുങ്ങിവന്നു. ചില പാണ്ടന്മാർ, ചില വരയന്മാർ, ചെമ്പന്മാർ, എല്ലന്മാർ, തടിയന്മാർ......എല്ലാവരും ഇഴഞ്ഞിഴഞ്ഞു് മുത്തപ്പൻെറ മുന്നിൽ ഹാജരായി. മുത്തപ്പൻ ചോദിച്ചു:

"അളിയന്മാരേ, നിങ്ങൾക്കെല്ലാം ഇടയ്ക്കിടയ്ക്ക ശരീരത്തിൽ വേദന തോന്നാറില്ലേ?"

"ഉണ്ടു് മുത്തപ്പാ തോന്നാറുണ്ടു്. മുത്തപ്പാ, ഇടയ്ക്ക ഞങ്ങൾ വേദനകൊണ്ടു പുളയാറുണ്ടു്."

"ങാ! അതുകൊണ്ടുതന്നെയാണു് ഞാൻ നിങ്ങളെയൊക്കെ വിളിച്ചുവരുത്തിയതു്. എനിക്കിന്നലെ മേലാകെയൊരു വേദന. ഞാൻ പള്ളിയ്ക്കലെത്തി വൈദ്യനെ കണ്ടു. പനയ്ക്കലെത്തി വൈദ്യനെക്കണ്ടു. കൈതയ്ക്കലെത്തി വൈദ്യനെക്കണ്ടു. മൂന്നുപേരും പറഞ്ഞു; 'കുതിര മാംസം തിന്നണം.' ശരീരത്തിലെ വേദനയ്ക്കു് കൈകണ്ട ഔഷധമാണിതു്. എന്നാൽ എന്താ നിങ്ങൾക്കു് ശകലം കിട്ടിയാൽക്കൊള്ളാമെന്നുണ്ടോ?"

പാമ്പളിയന്മാർക്കെല്ലാം ശരീരം മുഴുവൻ വേദനിച്ചിട്ടുവയ്യ. അവരതു സഹിച്ചു കഴിയുകയാണു്. ഈ മരുന്നുകൊണ്ടു മാറുമെങ്കിൽ വലിയ ഭാഗ്യമായി. അവരെല്ലാം പടം വിടർത്തി തലയാട്ടിപ്പറഞ്ഞു.

"ഞങ്ങൾക്കു കുതിര മാംസം വേണം; ഞങ്ങൾക്കു കുതിര മാംസം വേണം"

"എന്നാൽ ഞാനൊരു കാര്യം പറയാം. അതു നിങ്ങൾ കേൾക്കണം. നിങ്ങളെല്ലാം ഒരു ഫർലോങ്ങു് ഇടവിട്ടു് വളരെ നാഴിക നീളം ഈ വഴിയിൽ കിടക്കണം. ഒരു കുതിര ഇതിലെ ഓടിവരും. "പാമ്പളിയാ, താനെൻെറ ഒപ്പമെത്തിയോ" എന്നവൻ വിളിച്ചുചോദിക്കും. "കുതിരച്ചേട്ടാ, ഞാനും ഒരുമിച്ചുണ്ടേ" എന്നും പറഞ്ഞു് നിങ്ങൾ അവിടത്തന്നെ കിടന്നേക്കണം. സമ്മതമാണോ?"

"സമ്മതമാണേ, സമ്മതമാണേ." എല്ലാവരും തലയാട്ടി.

പിറേറദിവസം പാമ്പുമുത്തപ്പൻ കാലത്തെണീററ് ഓടാനൊരുങ്ങി. കുതിരയുടെ അടുത്തുചെന്നു പറഞ്ഞു.

"എടോ, കുതിരച്ചേട്ടാ, ഓടാനൊരുക്കമാണോ? ആണെങ്കിൽ വാ. ആ!, പിന്നെ ഒരു കാര്യം. തന്നെ അങ്ങനെ വിശ്വസിച്ചുകൂടാ. ഒരു കാര്യം ചെയ്യണം. ഓട്ടത്തിൽ ആരെങ്കിലും പിന്നിലായാലോ! അതിന് ഓരോ ഫർലോങ്ങുമെത്തുമ്പോൾ താൻ ഉറക്കെ വിളിച്ചുചോദിക്കണം. പാമ്പളിയാ താനൊപ്പമുണ്ടോ" എന്ന്. മറുപടികേട്ടാൽ ഉടൻ ഓട്ടം തുടരണം. പിന്നെ മറെറാരുകാര്യം. ഞങ്ങളാരും ഓട്ടത്തിൽ പുറകോട്ട തിരിഞ്ഞു നോക്കാറില്ല. തിരിഞ്ഞുനോക്കിയാൽ തോററു എന്നാണർത്ഥം. അതുകൊണ്ട താനും തിരിഞ്ഞുനോക്കാൻപാടില്ല. ഇതെല്ലാം സമ്മതമാണെങ്കിൽ ഓടാനൊരുങ്ങാം. സമ്മതമാണോ?"

"സമ്മതമാണ്."

ഓട്ടം തുടങ്ങി. ഒന്നാം ഫർലോങ്ങിലെത്തി. കുതിര ചോദിച്ചു:

"പാമ്പളിയാ, താൻ കൂടെയുണ്ടോ?"

"ഉണ്ടേ, കുതിരച്ചേട്ടാ, കൂടെയുണ്ടേ"

കുതിര നോക്കി; ഉണ്ട് പാമ്പളിയൻ അടുത്തുണ്ട്.

രണ്ടാം ഫർലോങ്ങിലെത്തി.

"പാമ്പളിയാ, കൂടെയുണ്ടോ?"

"ഉണ്ടേ; കുതിരച്ചേട്ടാ, കൂടെയുണ്ടേ."

കുതിരനോക്കി; പാമ്പളിയനൊപ്പമുണ്ട്.

കുതിര ഓടിയോടിത്തളന്നു. വായിൽനിന്നും പത വന്നു. കണ്ണു തുറിച്ചു; കാൽ തളന്നു. അവസാനം വഴിക്കു ചത്തുവീണു.

പാമ്പു മുത്തപ്പൻ അളിയന്മാരെയൊക്കെ വിളിച്ചു. അവരെല്ലാം ഒത്തുകൂടി. ആ കുതിരയെയെല്ലാം തിന്നുതീത്തു.

അതിൽപ്പിന്നെ പാമ്പുകൾക്കു തളച്ചയില്ല. ശരീരത്തിലൊരിടത്തും വേദനയുണ്ടായിട്ടുമില്ല.

9. കുഴലുകാരൻ കുഞ്ഞൻ

ഒരു സാധുകൃഷിക്കാരൻ. അയാൾക്കൊരുഭാര്യയുണ്ട്. അവളുടെ കടിഞ്ഞൂൽ പ്രസവമാണ്. തള്ളവിരലിനേക്കാൾ ചെറിയൊരാൺകുട്ടിയെയാണവൾ പ്രസവിച്ചത്. പെററുവീണ ഉടനെ ആ കുട്ടി നിലം വിണ്ട വിടവിൽ പോയി സുഖമായൊന്നു കിടന്നുറങ്ങി. അമ്മ എണീററു തിരിഞ്ഞു നോക്കിയപ്പോൾ കുട്ടിയെ കാണാനില്ല. "എൻെറ മോനെവിടെപ്പോയി, എൻെറ കുഞ്ഞനെവിടെപ്പോയി?" അമ്മ നിലവിളിയായി പല ദിക്കിലും തിരഞ്ഞു. കണ്ടില്ല. അവർ ഉറക്കെവിളിച്ചു.

"എൻെറ കുഞ്ഞാ എൻെറ കുഞ്ഞാ."

"ഓയ് അമ്മാ, ഞാനിവിടെയുണ്ടേ"

ഉറക്കമുണന്ന് തല പുറത്തുകാട്ടി അവൻ വിളിച്ചുപറഞ്ഞു. അവൻെറ കൈയിൽ ഒരു ഓടക്കുഴലുണ്ട്. അതിമധുരമായി അവനതൊന്നു വിളിച്ചു. അമ്മ ആ ഗാനത്തിലലിഞ്ഞുപോയി.

ഉടനെ അവൻ ഓടിവന്ന് അമ്മയുടെ കാതിൽ ഊഞ്ഞാലാടിക്കൊണ്ടു പറഞ്ഞു.

"ഞാൻ കുഴൽ വിളിച്ചു കേൾപ്പിച്ചില്ലേ? അമ്മയ്ക്കു സന്തോഷമായില്ലേ?"

"ഉവ്വ് മോനേ, സന്തോഷമായി, വളരെ നന്നായി, അമ്മ പ്രശംസിച്ചു. മകൻ തുടന്നു.

"അമ്മേ, പാട്ടുപാടിക്കഴിഞ്ഞാൽ എനിയ്ക്ക് വല്ലാത്തൊരു വിശപ്പുണ്ടാകും. അപ്പോഴെല്ലാം ഓരോപാത്രം ചോറുണ്ണണം. എനിക്കു വിശന്നിട്ടുവയ്യ. എനിക്ക് ചോറുതരണം."

അമ്മ ഒരു വലിയ കലം നിറയെ ചോറുണ്ടാക്കിക്കൊടുത്തു. അവൻ ഒററ ഇരിപ്പിന് അതു മുഴവനും തട്ടിവിട്ടു.

കുഞ്ഞനു മറെറാരു ചിന്തയുമില്ല. കാലത്തെണീക്കും. കുഴലൂതും. ഒരുപാത്രം ചോറടിച്ചു വിടും.

അച്ഛന്റെ കഠിനാദ്ധ്വാനംകൊണ്ട് ആ കുടുംബം അങ്ങനെ കഷ്ടിപിഷ്ടിയായി കഴിയുകയാണ്. കുഞ്ഞന്റെ തീററി ച്ചെലവ് അയാൾക്ക് താങ്ങാനാവുന്നില്ല. വയലിലുണ്ടാവുന്നത് മുഴവനായാലും കുഞ്ഞന് മതിയാവുന്നില്ല. അയാൾ വിഷമിച്ചു! അവസാനം അവനെകൊല്ലാൻ തന്നെ അയാൾ തീരുമാനിച്ചു.

പക്ഷേ അവനെപ്പെററതമ്മയല്ലേ? അവരുടെ സമ്മതം വേണമല്ലോ. അയാൾ തീരുമാനമറിയിച്ചു. അവക്കതു് സമ്മതമല്ല. അവന്റെ കുഴൽ വിളികേൾക്കാതെ ഒരു ദിവസമെങ്കിലും അവക്ക് കഴിച്ചുകൂട്ടുക വയ്യ. അത്രമാത്രം അവനവരെ ആകർഷിച്ചിരുന്നു.

ഭത്താവു് വിട്ടില്ല. കുഞ്ഞൻ തിന്നുതിന്നു പെട്ടിയുംപത്തായവും കാലിയാക്കിയിരിക്കുന്നു. എങ്ങനെ അവനെ വച്ചുപോററും? അയാൾ അത്രയും നിർബ്ബന്ധിച്ചപ്പോൾ അമ്മയ്ക്കതു് സമ്മതിക്കേണ്ടിവന്നു. ഒരു നിബന്ധനമാത്രം ആവശ്യപ്പെട്ടു. “കൊല്ലാം പക്ഷേ നേരിട്ടു് കൊല്ലരുതു്. എന്തോ അബദ്ധം പിണഞ്ഞതാണെന്നേ തോന്നാവൂ. നാലുതവണ കൊല്ലാൻശ്രമിച്ചിട്ടും ചത്തില്ലെങ്കിൽ, പിന്നെഅവനെ കൊല്ലരുതു്”

“ശരി.” അയാളതു് സമ്മതിച്ചു. പിറേറദിവസം കാലത്തു് അച്ഛനും മോനും കൂടി കാട്ടിലേയ്ക്കു് വിറകിനുപോയി. ഒരുവലിയമരം മുറിച്ചുതുടങ്ങി. അതു് വീഴാറായപ്പോൾ കുഞ്ഞനോട്ട് മരം വീഴുന്ന വശത്തു ചെന്നു് നില്ക്കാൻ പറഞ്ഞു. കുഞ്ഞൻചെന്നുനിന്നു. മരം തകന്നലച്ചു വീണു. അച്ഛന് സമാധാനമായി. ഇനി അവൻ തിന്നുമുടിക്കാൻ വരില്ല. അയാൾ വീട്ടിലേക്കു തിരിച്ചു.

വീട്ടിലെത്തി. വിയർപ്പു് വററുന്നതേയുള്ളു. ഒരു മരം പടികടന്നു് വരുന്നതു കണ്ടു. അയാൾ സൂക്ഷിച്ചുനോക്കി. കുഞ്ഞനതാ ആ മരവും ചുമലിലേററിവരുന്നു! അവൻ മുററത്തുവന്നു് ചോദിച്ചു.

"അച്ഛാ ഇതെവിടെക്കൊണ്ടിടണം?"

"ചതിച്ചല്ലോടാ നീ! ഞാനുറപ്പിച്ചുപോന്നതാണ്. നീ ചത്തിടത്തുനിന്നെണീററുവരുമെന്ന് ഞാൻ കരുതിയില്ലെടാ." അച്ഛൻ നിലവിളിതുടങ്ങി. കുഞ്ഞനതൊന്നും കേട്ടതേ ഇല്ല.

രണ്ടാം ദിവസം അയാഠം കുഞ്ഞനേയും കൂട്ടി മലയിൽ പോയി. ആ വഴിയിലൂടെ ആനക്കാർ ആനകളെ കൊണ്ടുവരുന്നുണ്ട്. അച്ഛൻ കുഞ്ഞനോടുപറഞ്ഞു.

"അയ്യട! കുഞ്ഞാ, ഞാനെൻെറ കത്തിയെടുക്കാൻ മറന്നു. നീയിവിടെ നില്ക്കു്. ഞാനിപ്പോഠം വരാം."

അച്ഛൻ അവനെ ആ വഴിനടുവിൽ നിത്തി അകലെമാറി ഒരിടത്തൊളിഞ്ഞുനിന്നു.

കുഴലുകാരൻ കുഞ്ഞൻ അതിമധുരമായി കുഴൽവിളിച്ച് അവിടെ നിന്നു. ആനക്കാരൻ വിളിച്ചു പറഞ്ഞു.

"മാററിനില്ക്കണം കുഴലുകാരാ മാററിനില്ക്കണം."

അവർക്കു് കുഴൽവിളി കേഠക്കാനുണ്ടു്. ആരെയുംകാണാനില്ല എന്തോ എന്നുകരുതി ആനക്കാർ ആനക്കൂട്ടത്തെ മുന്നോട്ടു നയിച്ചു. ആനകഠം തൻെറ അടുത്തെത്താറായപ്പോഠം കുഴലുകാരൻ ഒററച്ചാട്ടം! ഒരുമാനിൻെറ കുളമ്പടിപ്പാടിൽ ചെന്നൊളിച്ചു. ആനകഠം അവൻെറ തലയ്ക്കുമീതെ ചവിട്ടിപ്പോയി. അവനൊരുകേടും പററിയില്ല.

ആനക്കൂട്ടംപോയി. അച്ഛൻമടങ്ങിയെത്തി. കുഴലുകാരൻ കുഞ്ഞനുണ്ടു് അതിമധുരമായി കുഴൽവിളിച്ചങ്ങനെ നില്ക്കുന്നു! അച്ഛനു് ദേഷ്യം അടക്കാൻവയ്യാതായി. കുരുത്തം കെട്ടോൻ! പത്തായ വയറൻ! അവനിത്രനേരംകൊണ്ടു് ചാവാമായിരുന്നില്ലേ?

ഗാനത്തിനിടയിൽ കുഞ്ഞനതൊന്നുമത്ര ശ്രദ്ധിച്ചില്ല. ഇരുവരും തിരിച്ചു വീട്ടിലെത്തി.

അടുത്തദിവസം അയാഠം കുഞ്ഞനേയും കൂട്ടി സമുദ്രത്തിൽ മീൻപിടിക്കാൻ പോയി. അവർ വള്ളത്തിൽ കടലിൽ വളരെ

ദൂരമെത്തി. കുഞ്ഞൻ വള്ളക്കൊമ്പത്തിരുന്നു് അതിമധുരമായി കുഴലൂതി ആനന്ദിക്കുകയാണ്. അച്ഛൻ അറിയാത്തമട്ടിൽപങ്കായം കൊണ്ടൊരു തള്ളുകൊടുത്തു. കുഞ്ഞൻ വെള്ളത്തിൽവീണു. അവനൊരു മുതലയുടെ വായിൽപ്പെട്ടു. ഒരു പരിഭ്രമവുമുണ്ടായില്ല. അവൻ അതിന്റെ വയററിൽക്കിടന്നു കരയ്ക്കുനേരെ നീന്തി.

അച്ഛന്റെ വള്ളവും കരയ്ക്കടുത്തു. കുഞ്ഞനുണ്ടു് കുഴലൂതിക്കൊണ്ടു നില്ക്കുന്നു. അവൻ കാൽകൊണ്ടു് മുതലയുടെ വാൽ അമർത്തിച്ചവിട്ടിയിരിക്കയാണ്. മുതലകിടന്നു് പിടയുന്നുണ്ടു്. അച്ഛൻ വള്ളത്തിൽനിന്നു് കരയ്ക്കു കയറി:

“അച്ഛാ, ഇതാ ഒരുപല്ലി.” എന്നും പറഞ്ഞു് കുഞ്ഞൻ മുതലയുടെ വാൽവിട്ടു. അച്ഛൻ “അയ്യമ്മേ; അയ്യച്ചോ,” എന്നു് നിലവിളിച്ചോടി. മുതലകടലിലേക്കു ചാടി. അച്ഛനു് സമാധാനമായി. അന്നും അവർ വീട്ടിലെത്തി.

നാലാം ദിവസം അവസാനത്തെ ശ്രമമാണ്. അന്നു് കുഞ്ഞനേയും കൂട്ടി ഒരു കൊടുങ്കാട്ടിലെത്തി. കാട്ടുമൃഗങ്ങളുടെ ഒരുതാവളമുണ്ടവിടെ. അവിടെയെത്തിയതോടെ അച്ഛൻ ഒരു പാറക്കെട്ടിലൊളിച്ചുനിന്നു. കുഞ്ഞനൊററയ്ക്കായി. അവൻകുഴൽവിളിക്കിടയിൽ പുറകിൽ നടന്നിരുന്ന അച്ഛനെ അത്ര ശ്രദ്ധിച്ചില്ല. കാണാതായപ്പോൾ അവൻ കുറേനേരം വിളിച്ചുനടന്നു. അച്ഛൻ അതിനിടയ്ക്കു് തിരിച്ചു് വീട്ടിലെത്തിയിരിക്കുന്നു.

കുഞ്ഞൻ കുറേനേരമലഞ്ഞുനടന്നു. അവസാനം വീട്ടിലേയ്ക്കുമടങ്ങാൻ തീർച്ചയാക്കി. അവൻ ആ കുഴലുംവിളിച്ചു് ഒരുപുലിമടയുടെ അരികിലൂടെ നീങ്ങുകയാണ്. പുലിക്കു് ഒരു മനുഷ്യഗന്ധംതോന്നി. ഉടനെ അതു ചാടിപ്പുറത്തുവന്നു. പുലിവല്ലാതെ അത്ഭുതപ്പെട്ടു് സ്തംഭിച്ചു നിന്നുപോയി. അരവിരൽ പൊക്കമുള്ള ഒരു മനുഷ്യനുണ്ടു് വളരെ വലിയ ശബ്ദം പുറപ്പെടുവിച്ചു് നില്ക്കുന്നു. പുലി പേടിച്ചുപോയി. കുഞ്ഞൻ പുലിയുടെ മുതുകത്തേയ്ക്കു് ഒരു ചാട്ടം കൊടുത്തു. അങ്ങനെ പുലിപ്പുറത്തു് സവാരി ചെയ്തുകൊണ്ടു് കുഴലും വിളിച്ചു് വീട്ടിലെത്തി. പാതി

രയായിരിക്കുന്നു. അവൻ അച്ഛനെ വിളിച്ചു. അയാം ഉണന്നു നോക്കി. കുഞ്ഞൻ!

"അച്ഛാ, ഞാനൊരു പൂച്ചക്കുട്ടിയെക്കൊണ്ടുവന്നിട്ടുണ്ട്. ഇതാ."

അവൻ പുലിയെ അച്ഛൻെറ അടുത്തേക്കു വിട്ടു.

"ഹയ്യോ! ഞാൻ ചത്തേ! എൻെറ കുഴലുകാരൻകുഞ്ഞാ, എന്നെ പുലിപിടിച്ചേ. പിടിച്ചേ."

അച്ഛൻ കട്ടിലിൽ നിന്നൊരു ചാട്ടം! കുഞ്ഞൻ പുലിയെ തിരിയെ വിളിച്ച് കാട്ടിലേക്ക് തിരിച്ചുപോവാൻ പറഞ്ഞു. പുലിപോയി.

അമ്മകുഴലുകാരൻ കുഞ്ഞനെ കുടന്നയിൽ വാരിയെടുത്തുമ്മ വെച്ചു. പുലന്നപ്പോഠം അവർ അച്ഛനെത്തിരഞ്ഞു ചെന്നപ്പോഴുണ്ട്, ഒരു ക്രൂററൻ പുളിയുടെ ഒത്ത മുകളിൽ അച്ഛനിരുന്നുവിറയ്ക്കുന്നു!.

10. പുളിയക്ഷി.

ആവീട്ട് ഒരു മലഞ്ചെരിവിലാണ്. ഒരമ്മയും മകനും മാത്രമേ അതിലുള്ളൂ. അമ്മ കിഴവിയായിരിക്കുന്നു. മകനൊരുതടിമാടനുമാണ്. നല്ലകരുത്ത്. നല്ല തീററയും ദേഹനവും. മുപ്പത്തുമപ്പത്തിരണ്ടുവയസ്സായിരിക്കുന്നു. കല്യാണം കഴിഞ്ഞിട്ടില്ല. അവന് പററിയപെണ്ണ് ആ നാട്ടിലൊന്നുമില്ല.

കിഴവിപാടം കടന്ന് പുഴതാണ്ടി, കുന്ന് കയറിമറിഞ്ഞ്, ഒമ്പത് ഗ്രാമവും ഒമ്പതു നാടും പിന്നിട്ട് ഒരു വാണിയൻെറവീട്ടിലെത്തി. അവിടെയുണ്ട് ഒരുപെണ്ണ്. ചക്ക് തിരിക്കുന്നു; നല്ല ആനക്കുട്ടിപോലെ; വയസ്സെല്ലാം പാകമാണ്; ഇരുപത്തഞ്ചിലധികമില്ല; പേര് കല്ല എന്ന്.

ആ നാട്ടിലെല്ലാം കല്ല തീററയ്ക്ക് കേഠംവി കേട്ടവളാണ്. എത്രഃ ചെലുത്തിയാലും അവളൊന്ന് വലിഞ്ഞിരുന്നു തേട്ടിയാൽമതി, അത്രയും വീണ്ടും ചെല്ലും. ഉണ്ണാനിരുന്നു കഴിഞ്ഞാൽ അട്ടപോലെ അങ്ങു വീക്കുന്നതുകാണാം. കുമ്പ വീർത്തുന്തുന്നതുകൊണ്ട് പിഞ്ഞാണത്തിലേക്കുള്ള നോട്ടം ചിലപ്പോഠംതടസ്സ

ഷ്ടപ്പെടം. അത്രയൊക്കെയായാലും അവ൦ മതിയെന്നു പറയില്ല. പറഞ്ഞിട്ടുമില്ല.

അതാണവളുടെ യോഗ്യത. കിഴവി ആ ദേഹത്തിലൊട്ടാകെ ഒന്നു് കണ്ണു നടത്തി. മകനു് പററിയ പെണ്ണുതന്നെ!

വിവാഹം നടന്നു. വീട്ടിൽക്കയററിനാലുമാസം കഴിഞ്ഞില്ല; കല്ലുവിൻെറ മട്ടെല്ലാം മാറി. അവ൦ തറവാട്ടമ്മയായി. അമ്മയേയും ഭർത്താവിനേയും അവ൦ ശാസിക്കാൻ തുടങ്ങി. ഭർത്താവു് അവളുടെ ചൂണ്ടുവിരലിൽ ചുളി നിന്നുപോയി! അമ്മയ്ക്കതു് പിടിച്ചില്ല. അവർ തമ്മിൽ ഉരസിത്തുടങ്ങി.

ഉരസൽ മൂത്തു. ഒരു ദിവസം കല്ലു ഭർത്താവിനോടുപറഞ്ഞു. "നിങ്ങ൦ക്കു് ഞാൻവേണോ അമ്മവേണോ"

"എനിക്കു് രണ്ടുപേരും വേണം."

"അതിജ്ജന്മത്തു് നടക്കില്ല. നിങ്ങ൦ക്കമ്മ മതിയെങ്കിൽ ഇന്നുതന്നെഎന്നെവീട്ടിൽകൊണ്ടുപോയിവിടണം. ഞാൻവേണമെങ്കിൽ ഇന്നുതന്നെ അമ്മയെ കാട്ടിൽക്കൊണ്ടുചെന്നുവിടണം."

കല്ലു കിടന്നു് തുള്ളുകയാണു്. ഭർത്താവാലോചിച്ചു. അമ്മ ഏതായാലും കുറച്ചുകഴിഞ്ഞാൽ ചത്തുപോകും. കല്ലുവൊ? നടപ്പുദീനത്തിലൊന്നും പെട്ടില്ലെങ്കിൽ കുറച്ചുകാലത്തേക്കുണ്ടു്. എനിക്കെൻെറ കല്ലുമതി.

അയാ൦ ഉടനെ അമ്മയെ കൊണ്ടുപോയി കാട്ടിൽ ഒരുപുളിമരത്തിന്മേൽ കെട്ടിയിട്ടു് തിരിച്ചുപോന്നു.

രാത്രിയായി; പുലികൾ മണത്തു് അടുത്തെത്തി. ആ പുളിമരത്തിൽ ഒരു യക്ഷി താമസമുണ്ടു്. ആ യക്ഷി കവരത്തിലിരുന്നു പുലികളോടു പറഞ്ഞു.

"നില്ക്കിൻപിള്ളാരേ...അവിടെ നില്ക്കിൻ. ഇവളെന്തുതരക്കാരിയാണെന്നു നോക്കട്ടെ. എന്നിട്ടു മതി തീററ."

യക്ഷി ഒരു തൂവലെടുത്തു് ആ കിഴവിയുടെ മൂക്കിൻദ്വാരത്തിലിട്ടൊന്നു് തിരിച്ചു. കിഴവി ഉടനെ "ഈശു് ഈശു്" എന്നു് മൂന്നുനാലുതവണ തുമ്മി. യക്ഷിക്കു് ആ കിഴവിയെ വലിയബഹുമാനമായി! അവ൦ പുലികളോടുപറഞ്ഞു. "എടാ പിള്ളേരേ, ഈ കിഴവിയെ തൊട്ടുപോകരുതു്. ഇവർ വിളിച്ചുപറഞ്ഞതു് കേട്ടില്ലേ? ഈശോ, ഈശോ എന്നു്. ഇവർ വലിയഭക്തയാണു്."

കിഴവിക്കു് യക്ഷിയെ കാണാൻ കഴിയുന്നില്ല. സംഭാഷണം കേൾക്കാനുംസാധിക്കുന്നില്ല. കുറെപുലികൾവന്നു് കുറേനേരം മിഴിച്ചു നിന്നുമടങ്ങിപ്പോകുന്നതു് മാത്രം കണ്ടു. കുറച്ചു കഴിഞ്ഞപ്പോൾ കിഴവിക്കു്ഉറക്കംവന്നു അവരുറങ്ങി.

നേരം പുലൻു. ഉണൻുനോക്കിയപ്പോൾ കെട്ടെല്ലാം മുറിച്ചിട്ടിരിക്കുന്നു. കാൽക്കലുണ്ടു് ഒരുകുടം സ്വൎണ്ണമിരിക്കുന്നു. അവർ അതുമെടുത്തു് ഗ്രാമത്തിലേക്കു മടങ്ങി. വഴിക്കവർ വിചാരിച്ചു. വീട്ടിലുള്ള ആ പെണ്ണൊരു കാട്ടെരുമയാണു്. അവളുടെ കൂടെ ഇനിതാമസിക്കവയ്യ! അവരൊരു പുരയിടംവാങ്ങി സുഖമായങ്ങനെ കഴിഞ്ഞു.

ഈ വിവരം കല്ലു അറിഞ്ഞു. അവൾക്കു് ബലമായൊരു സംശയം. അമ്മയും മകനും ഒററക്കെട്ടാണു്. കാട്ടിൽക്കൊണ്ടു പോയി തള്ളാമെന്നുപറഞ്ഞു് വലിയകാൎയ്യത്തിൽ അമ്മയെയങ്ങു് കൊണ്ടുപോയി. എന്നിട്ടോ നല്ല പുരയിടവും വാങ്ങിക്കൊടുത്തു് സുഖമായങ്ങു പാർപ്പിച്ചിരിക്കുന്നു; ഇതാരുമറിയില്ലെന്നാ കരുതിയതു്. നിങ്ങളെയൊക്കെ എങ്ങനെ വിശ്വസിക്കും?

"ഞാൻആ കാട്ടിൽ പുളിമരത്തിൻെറ കടയ്ക്കൽ കെട്ടിയിട്ടാണെടി, പോന്നതു്. വല്ലോരും അഴിച്ചു വിട്ടുകാണും."

"എന്നാൽപ്പിന്നെ എവിടുന്നാ ഇത്രപണം."

"എങ്ങനെകിട്ടി എനിക്കറിയില്ല."

"അറിയില്ലാപോലും അതെല്ലാം നിങ്ങടെ ഒളിച്ചുകളിയാ. ആരുമറിയില്ലെന്നാ കരുതിയതു്. ആട്ടെ, ഞാനൊന്നുപോയി ചോദിക്കട്ടെ."

"പോയി ചോദിച്ചുവാ."

കല്ലു പടിതല്ലിപ്പൊളിച്ചു് വഴിയെല്ലാം ചവിട്ടിമെതിച്ചു് ചീറിനടന്നു. അവൾ അമ്മയുടെ വീട്ടിലെത്തി. അമ്മയ്ക്കു് സന്തോഷമായി. കല്ലു മാപ്പു് ചോദിക്കാൻ വരികയാണെന്നാണു കരുതിയതു്. അമ്മയുടെ മട്ടുകണ്ടപ്പോൾ കല്ലുവിൻെറയും മട്ടൊന്നുമാറി. അവൾ അന്നുരാത്രി അമ്മയുടെ കൂടെക്കൂടി നടന്ന സംഭവമെല്ലാം വളരെ നയത്തിൽ ചോദിച്ചു മനസ്സിലാക്കി. കല്ലുവിൻെറ സംശയമെല്ലാം തീൎന്നു. അവൾ വീട്ടിൽ തിരിച്ചെത്തി.

അവൾ ഭത്താവിനോട്ട് വിവരമെല്ലാം പറഞ്ഞു. അവസാനം അവൾ അയാളോടാവശ്യപ്പെട്ട.

"നിങ്ങളെന്നെ ഇന്നു രാത്രിതന്നെ അതേ പുളിമരത്തിന്മേൽ കൊണ്ടുചെന്ന കെട്ടണം. നാളെ കാലത്തു് ഞാനൊരുകുടം സ്വർണ്ണം കൊണ്ടുവരുന്നതു് കണ്ടുകൊള്ളണം. കാലത്തെതന്നെ കാട്ടിനടുത്തുവന്നു് എന്നെ കാത്തുനില്ക്കണം."

അയാൾക്കൊന്നും മനസ്സിലായില്ല. എങ്കിലും ഒരു നല്ലകാര്യമല്ലേ. അയാളതു് സമ്മതിച്ചു. സന്ധ്യയ്ക്കു മുമ്പുതന്നെ അവനവളെ പുളിയുടെ കടയ്ക്കൽ കെട്ടിയിട്ടു് മടങ്ങി. രാത്രിയായി പുലികൾ മണത്തണഞ്ഞു. അവക്ക് ഭയമൊന്നുമില്ല. എന്തിന്നു് ഭയപ്പെടണം. കുറച്ചുകഴിഞ്ഞാൽ തിരിച്ചുപൊയ്ക്കൊള്ളും. സ്വർണ്ണക്കുടവും കൊണ്ടുവരുന്നതു കാത്തു് അവളവിടെ കിടന്നു.

ഉടനെ യക്ഷി വന്നുപറഞ്ഞു. "നില്ക്കിൻ പിള്ളാരെ, ഇവളെന്തു തരക്കാരിയാണെന്നു് നോക്കട്ടെ എന്നിട്ടുമതി തീററ."

യക്ഷിയൊരു തുവലെടുത്തു് അവളുടെ മൂക്കിൻ ദ്വാരത്തിലിട്ടൊന്നു് കറക്കി. കല്ലു പെട്ടെന്നൊരു ക്രട്ടത്തുമ്മൽ തുമ്മി. പക്ഷേ, അവൾക്കു് നല്ല ആരോഗ്യമുള്ളതുകൊണ്ടു് "ഖാശ്, ഖാശ്" എന്ന ശബ്ദമാണു കേട്ടതു്. യക്ഷിപറഞ്ഞു. "പിള്ളാരെ ഇവളെപ്പിടിച്ചു് തിന്നുകൊള്ളണം. ഇവൾ വല്ലാത്തകൊതിച്ചിപ്പെണ്ണാണു്. കേട്ടില്ലേ? ഇവൾ കാശ്, കാശ്, എന്നാണുപറഞ്ഞതു്. കാശിനെന്തൊരു കൊതിയാണിവൾക്കു്. ഇവളുടെ എല്ലുകൂടിവച്ചേക്കരുതു്."

പുലികൾക്കന്നൊരു സദ്യയായിരുന്നു. കല്ലുവിൻെറ ഭത്താവു് ഇന്നും ആ കാട്ടിനതിർത്തിയിൽ കാത്തുനില്ക്കുകയാണു്.

St. Joseph's Printing House, Tiruvalla.

ISLAM HIGH SCHOOL
Date........................
ERNAKULAM.